DES
013-775

കേരള സർക്കാർ

# എക്കണോമിക്സ് ആൻറ് സ്റ്റാററിസ്ററിക്സ് വകുപ്പിൻെറ ഭരണ റിപ്പോർട്ട്

# 1989-90

©
കേരള സർക്കാർ
1994

മണ്ണന്തല ഗവൺമെൻറ് പ്രസ്സിൽനിന്നും ഗവൺമെൻറ് പ്രസ്സുകളുടെ സൂപ്രണ്ടിനാൽ അച്ചടിപ്പിക്കപ്പെട്ടത്
1994

DES
013-775

കേരള സർക്കാർ

സംഗ്രഹം

എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പ് 1989-90-ലെ ഭരണറിപ്പോർട്ട് പ്രത്യവലോകനം ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്

ജി. ഒ. (ആർ ററി) 139/91/പ്ലാനിംഗ് തിരുവനന്തപുരം, 1991 മാർച്ച് 18.

---

പരാമർശം.—18-9-1990-ലെ എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പ് ഡയറക്ടറുടെ പി. ബി. (1) 4830/90/ഡി ഇ എസ് നമ്പർ കത്ത്.

ഉത്തരവ്

1. രേഖപ്പെടുത്തി.

2. റിപ്പോർട്ടുവർഷത്തിൽ ശ്രീമതി പി. എൽ. ശ്രീദേവിഅമ്മ ഡയറക്ടറായിരുന്നു. സാങ്കേതിക വിഭാഗത്തിൽ മൂന്നു അഡീഷണൽ ഡയറക്ടർമാരും ഭരണകാര്യങ്ങളിൽ ഒരു അഡ്മിനിസ്ട്രേററീവ് ഓഫീസറും ഡയറക്ടറെ സഹായിച്ചിരുന്നു.

## വകുപ്പിൻെറ സർവെ പഠന പ്രവർത്തനങ്ങൾ

3. കാർഷിക സ്ഥിതിവിവരങ്ങൾ റിപ്പോർട്ടു ചെയ്യുന്നതിനുള്ള ഏജൻസി.—1975-76 മുതൽ കേന്ദ്ര ഗവൺമെൻറിൻെറ സഹായത്തോടെ പ്രധാന കാർഷിക വിളകളുടെ വിസ്തൃതി, ഉൽപ്പാദനം, ഉദ്പാദന നിരക്ക് എന്നിവ സൂക്ഷ്മമായി തിട്ടപ്പെടുത്തുന്നതിനുവേണ്ടി ഒരു സർവേ ആരംഭിച്ചു. കേരളത്തിലെ എല്ലാ വില്ലേജുകളും പൂർണ്ണമായി സർവേ ചെയ്തു തീർക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ യഥാക്രമം 1981-ലും 1986-ലും പൂർത്തിയാക്കുകയും മൂന്നാംഘട്ടം 1986 ജൂലൈ മാസം ആരംഭിക്കുകയും റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. മഴയുടെ സ്ഥിതിവിവരക്കണക്ക് തയ്യാറാക്കൽ.—സംസ്ഥാനത്തെ വിവിധ മഴ അളക്കൽ കേന്ദ്രങ്ങളിൽ രേഖപ്പെടുത്തിയ ദിവസേനയുള്ള കണക്കും മാസംതോറുമുള്ള കണക്കും 1989 ജൂൺ മാസം വരെയുള്ള കാലത്തേക്ക് തയ്യാറാക്കി പൂനയിലെ കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിന് അയച്ചുകൊടുത്തിട്ടുണ്ട്.

5. കാർഷിക സ്ഥിതിവിവരക്കണക്കുകളുടെ പ്രവചന റിപ്പോർട്ട് തയ്യാറാക്കൽ.—പ്രധാന വിളവുകൾ കൃഷിചെയ്യുന്ന പ്രദേശത്തിന്റെ വിസ്തൃതിയും വിളവും സംബന്ധിച്ച പ്രവചന റിപ്പോർട്ടുകൾ തയ്യാറാക്കുന്ന പ്രക്രിയയനുസരിച്ച് 1988-89-നുള്ള റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര ഗവൺമെൻറിനും മററ് ബന്ധപ്പെട്ട ആഫീസുകൾക്കും നൽകി.

6. കാർഷിക മേഖലയിൽ പുതിയ സാങ്കേതിക വിജ്ഞാനം പകരുന്നതിനുള്ള തടസ്സങ്ങളെക്കുറിച്ച് മാതൃകാപഠനം.—50 ശതമാനം കേന്ദ്ര സഹായമുള്ള പ്രസ്തുത പദ്ധതി എറണാകുളം ജില്ലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. 1989 സെപ്തംബർ കൊണ്ടവസാനിച്ച സർവേയിൽ ശേഖരിച്ച വിവരങ്ങൾ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന് അയച്ചുകൊടുത്തു. ഇതേ ജില്ലയിൽ തന്നെ ഭക്ഷ്യഎണ്ണയുടെ ഉപയോഗത്തെ സംബന്ധിച്ച് നടത്തിയ സർവേ റിപ്പോർട്ടും കൗൺസിലിന് അയച്ചുകൊടുത്തിട്ടുണ്ട്.

7. കുരുമുളക് സർവേ.—സ്പൈസസ് ബോർഡ് (കൊച്ചി) ന്റെ സാമ്പത്തിക സഹായത്തോടെ 1989 നവംബർ ആദ്യവാരം ആറ് ജില്ലകളിൽ—പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ—ആരംഭിച്ച സർവേ 1990 ഫെബ്രുവരി മാസത്തോടെ പൂർത്തിയാക്കി. 1800 ഹൗസ്ഹോൾഡ്സ് എന്യൂമറേഷൻ 1990 സെപ്തംബറോടെ പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു. റിപ്പോർട്ട് വർഷത്തിൽ സർക്കാരിന്റെ വിവിധ ആവശ്യങ്ങൾക്കുള്ള സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചിട്ടുണ്ട്.

8. കൃഷിച്ചെലവ് സർവ്വേ.—1980-81-ൽ തുടങ്ങിയ ഈ സർവേ പ്രധാന കാർഷികവിളകളുടെ കൃഷിച്ചെലവ് തിട്ടപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതും ഇപ്പോഴും തുടരുന്നതുമാണ്. 1989-90 കാർഷിക വർഷത്തിൽ നെല്ല്, തെങ്ങ്, മരിച്ചീനി, കുരുമുളക് എന്നീ വിളകളെ സംബന്ധിച്ച് 38 താലൂക്കുകളിൽ സർവേ നടത്തിവരുന്നു. 1987-88-ലെ റിപ്പോർട്ട് തയ്യാറായി. 1988-89-ലെ ടാബുലേഷൻ ജോലികൾ നടക്കുന്നു. പരിശീലനം ലഭിച്ച ഇൻവെസ്ററിഗേററർമാർ തിരഞ്ഞെടുക്കപ്പെട്ട കർഷകരെ സന്ദർശിച്ച് അവരുടെ കൃഷിരീതികളെപ്പററിയും ചെലവിനെപ്പററിയും വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുന്നു.

9. കാർഷിക സെൻസസ്.—കേന്ദ്ര ഗവൺമെൻറിന്റെ സമ്പൂർണ്ണ സഹായത്താൽ 5 വർഷത്തിലൊരിക്കൽ അഖിലേന്ത്യാതലത്തിൽ നടത്തപ്പെടുന്ന കാർഷിക സെൻസസ് കേരളത്തിലും നടത്തുന്നുണ്ട്. കൈവശാനുവേ ഭൂമിയുടെ എണ്ണവും വിസ്തീർണ്ണാടിസ്ഥാനത്തിലുള്ള വിതരണം കൈവശാനുവേ ഭൂമിയുടെ വിനിയോഗാടിസ്ഥാനത്തിലുള്ള വിതരണം, കാർഷിക വിളകളുടെ വിസ്തീർണ്ണം, ഉൽപാദനം, ഉൽപ്പാദന നിരക്ക്, വിത്ത്, വളം, കീടനാശിനികൾ, കാർഷികോപകരണങ്ങൾ, കാർഷിക വായ്പകൾ തുടങ്ങിയ കാർഷികോപാധികളുടെ ഉപയോഗം മുതലായവയെപ്പററി വിവരങ്ങൾ ശേഖരിച്ച് അപഗ്രഥിക്കുകയാണ് പ്രധാന ചുമതല.

1985-86 കാർഷിക സെൻസസിന്റെ ഫീൽഡ് ജോലികൾ കേരളത്തിൽ ചില സാങ്കേതിക കാരണങ്ങളാൽ 1987 നവംബർ മാസത്തിൽ മാത്രമേ തുടങ്ങിയുള്ളു. ഈ സെൻസസിന്റെ ജില്ലാ-സംസ്ഥാന തല പട്ടികകൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചു. ബ്ലോക്കുതല പട്ടികകൾ കൂടി ഉൾപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

10. <u>പൊതുവില ശേഖരിക്കൽ</u>.—ഈ വിഭാഗം താഴെ വിവരിക്കുന്ന ജോലികൾ റിപ്പോർട്ടു വർഷത്തിൽ നിർവഹിക്കുകയുണ്ടായി.

(1) അവശ്യസാധനങ്ങളുടെ ദൈനംദിനവില എല്ലാ ജില്ലാ തലസ്ഥാനങ്ങളിൽ നിന്നും ശേഖരിച്ച് ഗവൺമെന്റിനും വിവിധ ഏജൻസികൾക്കും നൽകി.

(2) വിലയുടെ പ്രവണത കാണിക്കുന്ന പ്രതിമാസ റിപ്പോർട്ട് ഗവൺമെന്റിന് നൽകി.

(3) കേന്ദ്ര ഗവൺമെന്റ് നിർദ്ദേശപ്രകാരം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും എല്ലാ വെള്ളിയാഴ്ചയും അവശ്യസാധനങ്ങളുടെ ചില്ലറ വിലയും എല്ലാ മാസാവസാന വെള്ളിയാഴ്ചത്തെ പ്രധാന ഭക്ഷ്യ-ഭക്ഷ്യേതര സാധനവിലയും ശേഖരിച്ച് കേന്ദ്രഗവൺമെന്റിന് നൽകി.

(4) തിരഞ്ഞെടുക്കപ്പെട്ട 15 കേന്ദ്രങ്ങളിലെ ഉപഭോക്തൃ വിലസൂചിക എല്ലാ മാസവും തയ്യാറാക്കി ഗസററിൽ വിജ്ഞാപനം ചെയ്യുകയും ഉപഭോക്തൃ വിലസൂചിക കാണിക്കുന്ന സ്റേററുമെന്റുകൾ അവയുടെ ഗുണഭോക്താക്കൾക്ക് നൽകുകയും ചെയ്തു.

(5) ലേബർ ബ്യൂറോയ്ക്കുവേണ്ടി ആലുവ, മുണ്ടക്കയം, കൊല്ലം, തിരുവനന്തപുരം എന്നീ കേന്ദ്രങ്ങളിൽ നിന്നും 1982 അടിസ്ഥാന വർഷമായുള്ള വിലസൂചിക കണക്കാക്കുന്നതിനുള്ള നിർദ്ദിഷ്ട സാധനങ്ങളുടെ വാരാന്ത്യ വിലകൾ ശേഖരിച്ച് അയച്ചുകൊടുത്തു.

(6) 1982 അടിസ്ഥാന വർഷമായി ലേബർ ബ്യൂറോ വ്യാവസായിക തൊഴിലാളികൾക്കുവേണ്ടി പ്രസിദ്ധം ചെയ്യുന്ന ഉപഭോക്തൃ വിലസൂചിക ആവശ്യപ്പെടുന്ന മുറയ്ക്ക് സർക്കാർ, അർദ്ധ-സർക്കാർ, പൊതുമേഖല, സ്വകാര്യമേഖല, വ്യക്തികൾ എന്നിവയ്ക്ക് അയച്ചുകൊടുക്കുന്നു.

(7) ഭക്ഷ്യസാധനങ്ങളുടെയും അത്യാവശ്യ സാധനങ്ങളുടെയും കമ്പോളവില വിവിധ സർക്കാർ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും നൽകി.

(8) ഭക്ഷ്യസാധനങ്ങളുടെ വിലശേഖരണം റിപ്പോർട്ടുവർഷത്തിൽ ജനുവരി ഏപ്രിൽ, ജൂലൈ, ഒക്ടോബർ എന്നീ നാല് ത്രൈമാസത്തിന്റെയും ആദ്യവെള്ളിയാഴ്ച നടത്തി.

(9) ആയുർവേദ കോളേജുകളുടെ ആവശ്യപ്രകാരം ആയുർവേദ, മരുന്നുകൾ ഉണ്ടാക്കുന്നതിനാവശ്യമായ ഫലങ്ങൾ, ഇലകൾ, വേരുകൾ ക്ഷാരങ്ങൾ തുടങ്ങിയവയുടെ കമ്പോളവിലയും ശേഖരിച്ചു നൽകി.

11. വനവിഭവങ്ങളുടെ വില ശേഖരിക്കൽ.—നാലു കേന്ദ്രങ്ങളിൽ നിന്നു 18 ഇനം വനവിഭവങ്ങളുടെ വില ശേഖരിച്ച് വനം വകുപ്പിനു നൽകി.

12. മാർക്കററ് ഇൻറലിജൻസ് പദ്ധതി.—കമ്പോള വിലനിലവാരം, കമ്പോള വരവ് തുടങ്ങിയവയെപ്പററിയുള്ള വിവരങ്ങൾ പ്രാഥമിക ഉല്പാദകർക്ക് കൃത്യസമയത്ത് നൽകുകയെന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശം. സംസ്ഥാനത്തെ പ്രധാനപ്പെട്ട 38 വ്യാപാര കേന്ദ്രങ്ങളിൽ ഈ പദ്ധതി നിലവിലുണ്ട്. തിരുവനന്തപുരം മേഖലയിൽ 27-ം കോഴിക്കോട് മേഖലയിൽ 11-ം കേന്ദ്രങ്ങളിൽ കമ്പോളനിലവാര ബുള്ളററിൻ തയ്യാറാക്കി ദിവസേന ആകാശവാണിയുടെ തിരുവനന്തപുരം, കോഴിക്കോട് നിലയങ്ങളിൽ കൂടി ഗ്രാമരംഗത്തിലോ, കാർഷിക രംഗത്തിലോ ഉൾപ്പെടുത്തി പ്രക്ഷേപണം ചെയ്തുവരുന്നു.

13. പ്രതിവാര കമ്പോള നിലവാരാവലോകനം.—തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലെ പ്രധാനപ്പെട്ട കാർഷിക വിളവുകളുടെ കമ്പോള നിലവാര അവലോകനം എല്ലാ ഞായറാഴ്ചയും വൈകുന്നേരം ആകാശവാണിയിലൂടെ പ്രക്ഷേപണം ചെയ്തു.

14. അരിയുടെ തുറന്ന കമ്പോളവിലയെക്കുറിച്ചുള്ള പ്രതിദിന റിപ്പോർട്ട്.—സംസ്ഥാനത്തെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും നിലവിലുള്ള അരിയുടെ പരസ്യ കമ്പോള വിലയെക്കുറിക്കുന്ന പ്രതിദിന റിപ്പോർട്ട് കേന്ദ്ര സർക്കാരിനും സംസ്ഥാന സിവിൽസപ്ലൈസ് അധികൃതർക്കും അയച്ചുകൊടുത്തു. കൂടാതെ പാലക്കാട് കേന്ദ്രത്തിനെ സംബന്ധിച്ച റിപ്പോർട്ട് റിസർവ് ബാങ്കിന് അയച്ചുകൊടുത്തു. ഇവയ്ക്കെല്ലാം ഉപരിയായി മൊത്തവിലയെ സംബന്ധിക്കുന്ന പല വിവരങ്ങളും കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾക്ക് നൽകുകയുണ്ടായി.

15. ഇൻഡക്സ് സീരിസ് വിഭാഗം (കാർഷിക ധനസംബന്ധം).—ഈ വിഭാഗം കാർഷികോൽപ്പന്നങ്ങളുടെ മൊത്ത വിലസൂചിക, കാർഷിക വിളവുകളിൽ നിന്നുള്ള വരുമാനവും അവയ്ക്കുവേണ്ടി വരുന്ന ചെലവും തമ്മിലുള്ള താരതമ്യപഠന സൂചിക, കാർഷിക വേതന സൂചിക, കാർഷിക മേഖലകളെ സംബന്ധിച്ച ഏഴു സൂചികകൾ എന്നിവ തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

16. കാർഷികോൽപ്പന്നങ്ങളുടെ മൊത്ത വിലസൂചിക.—1952–53 അടിസ്ഥാന വർഷമായി സ്വീകരിച്ച് സംസ്ഥാനത്തിലെ വിവിധ കേന്ദ്രങ്ങളിൽ നിന്നും ശേഖരിക്കുന്ന കാർഷികോൽപ്പന്നങ്ങളുടെ മൊത്തവിലയെ അടിസ്ഥാനമാക്കി എല്ലാമാസവും മൊത്ത വിലസൂചിക തയ്യാറാക്കി.

17. കാർഷിക വിളവുകളിൽ നിന്നുള്ള വരുമാനവും അവയ്ക്ക് വേണ്ടി വരുന്ന ചെലവുകളും തമ്മിലുള്ള താരതമ്യ പഠന സൂചിക.—കർഷകരുടെ സാമ്പത്തികനില, കാർഷികോൽപ്പന്നങ്ങളുടെ വില, അവയ്ക്കുവേണ്ടിവരുന്ന ചെലവുകൾ, ഗാർഹിക ചെലവുകൾ എന്നിവ 1952–53 അടിസ്ഥാന വർഷമായി കണക്കാക്കിയതും കർഷകരുടെ ഇപ്പോഴുള്ള സാമ്പത്തികനിലയും തമ്മിലുള്ള താരതമ്യം ഈ സൂചികയിൽ കൂടി കണക്കാക്കുന്നു. ഇതും ഓരോ മാസവും തയ്യാറാക്കി.

18. കാർഷിക വേതന സൂചിക.—1952-53 അടിസ്ഥാന വർഷമായി കണക്കാക്കി തയ്യാറാക്കിയ കർഷകതൊഴിലാളികളുടേയും വിദഗ്ദ്ധ തൊഴിലാളികളുടെയും പ്രതിമാസ വേതന സൂചിക ഭാരത സർക്കാരിന് അയച്ചുകൊടുത്തു.

വിളഭൂമിയുടെ വിസ്തൃതി, ഉൽപ്പാദനം, കൃഷിചെയ്ത സ്ഥലത്തിൻെറ ഉൽപ്പാദനക്ഷമത, വിളവ് നിരക്ക്, കൃഷിരീതി, വിളകളുടെ ഞെരുക്കം, ഏതെങ്കിലും തരത്തിൽ കൃഷിചെയ്തിട്ടുള്ള ഭൂമി എന്നിവയുടെ 1986-87 വരെയുള്ള സൂചികകൾ തയ്യാറാക്കി.

ഇവയ്ക്കുപുറമെ ഈ വിഭാഗം താഴെ വിവരിക്കുന്ന ജോലികളും നിർവഹിച്ചിട്ടുണ്ട്.

(1) തൊണ്ടോടുകൂടിയ നാളികേരത്തിൻെറ പ്രൈവാര വില നാളികേര വികസന ബോർഡിന് നൽകി.

(2) പ്രധാനപ്പെട്ട 9 കാർഷികോല്പന്നങ്ങളുടെ വാർഷിക ശരാശരി വില കേന്ദ്ര ഗവൺമെൻറിന് നൽകി.

(3) കയറിൻെറയും തൊണ്ടിൻെറയും പ്രതിവാര വില കയർ ബോർഡിനും കയർ ഡവലപ്പ്മെൻറ് ഡയറക്ടർക്കും അയച്ചുകൊടുത്തു.

(4) കയറിൻെറ പ്രതിമാസ വിലനിലവാരം ഗസററിൽ പ്രസിദ്ധപ്പെടുത്താൻ ഗവൺമെൻറിന് അയച്ചുകൊടുത്തു.

(5) കാർഷിക വിഭവങ്ങളുടെ വിലനിലവാരം ആവശ്യപ്രകാരം പൊതുജനങ്ങൾക്ക് നൽകി.

(6) കേന്ദ്ര വ്യവസായ മന്ത്രാലയം പ്രസിദ്ധീകരിക്കുന്ന മൊത്തവില സൂചിക (1970-71 അടിസ്ഥാന വർഷം) ആവശ്യപ്പെടുന്ന മുറയ്ക്ക് സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, വ്യക്തികൾ, കരാറുകാർ എന്നിവർക്ക് നൽകി.

(7) അരി, ഗോതമ്പ്, പഞ്ചസാര എന്നിവയുടെ പ്രതിവാര മൊത്തവില ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യാ റീജിയണൽ മാനേജർക്ക് ആഴ്ചതോറും നൽകി.

(8) ജില്ലാ കളക്ടർമാർക്ക് ഓരോ മൂന്നുമാസത്തിലൊരിക്കൽ എല്ലാ താലൂക്കിലെയും പ്രധാന കാർഷികോല്പാദനങ്ങളുടെ പ്രതിമാസ ശരാശരി വില അവരുടെ അഭ്യർത്ഥനപ്രകാരം അയച്ചുകൊടുത്തു.

19. <u>കാർഷിക വിളകളുടെ വില.</u>—ഉപ്പിൻെറ പ്രതിവാര കമ്പോള മൊത്തവിലയും ചില്ലറവിലയും മദ്രാസിലെ ഡെപ്യൂട്ടി സാൾട്ടു കമ്മീഷണർക്കും പ്രതിമാസ ശരാശരി വില ജയ്പൂരിലെ സാൾട്ട് കമ്മീഷണർക്കും അയച്ചുകൊടുത്തു. സുഗന്ധദ്രവ്യങ്ങളുടെ പ്രതിവാര കമ്പോളവില സ്പൈസസ് ഡവലപ്മെൻറ് ഡയറക്ടർക്കും സ്പൈസസ് ബോർഡ് ചെയർമാനും അയച്ചു. പ്രധാനപ്പെട്ട 27 കാർഷിക വിഭവങ്ങളുടെ പ്രതിമാസ ചില്ലറ വില കേരള ഗസററിൽ പ്രസിദ്ധപ്പെടുത്തി.

20. <u>സംസ്ഥാന വരുമാന വിഭാഗം.</u>—കാലാകാലങ്ങളിൽ ലഭ്യമാകുന്ന കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി മുൻവർഷങ്ങളിലെ സംസ്ഥാന വരുമാനം പുനർനിർണ്ണയിക്കുകയും ചെയ്യുകയാണ് ഈ വിഭാഗത്തിൻെറ കർത്തവ്യം. റിപ്പോർട്ടുവർഷത്തിൽ 1980-81 മുതൽ 1988-89 വരെയുള്ള ജില്ലാ-സംസ്ഥാനതല മൊത്തവരുമാനവും ആളോഹരി വരുമാനവും ഇൻഡ്യയിലെയും മററ് സംസ്ഥാനങ്ങളിലെയും ആളോഹരി വരുമാനം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള റിപ്പോർട്ട് തയ്യാറാക്കുകയും പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ

കൈക്കൊള്ളുകയും ചെയ്തു. കൂടാതെ 1980-81 മുതൽ 1985-86 വരെയുള്ള മൂലധന നിർണ്ണയം സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചു.

1987-88 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബഡ്ജററിനെ വകുപ്പുകളുടെ വരവു-ചെലവിന്റെയും പ്രവർത്തനോദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ തരംതിരിച്ച് റിപ്പോർട്ട് തയ്യാറാക്കി സെൻട്രൽ സ്ററാററിസ്ററിക്കൽ ഓർഗനൈസേഷനു നൽകി. 1982-83 വർഷത്തിലെ മുനിസിപ്പാലിററികളിലെയും കോർപ്പറേഷനിലെയും ബഡ്ജററിന്റെ സാമ്പത്തിക തരംതിരിക്കൽ കണക്ക് സംബന്ധിച്ചുള്ള റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

21. ജനനമരണ സ്ഥിതിവിവരക്കണക്ക് ശേഖരിക്കൽ.—കേരളത്തിലെ ജനന-മരണ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് പ്രസിദ്ധീകരിക്കുന്ന ജോലി റിപ്പോർട്ടുവർഷവും തുടർന്നു. സിവിൽ രജിസ്ട്രേഷൻ, പട്ടണ പ്രദേശത്തെ സ്ഥിരതാമസക്കാരുടെ ജനന-മരണ നിരക്കിൻമേലുള്ള പഠനം, മരണകാരണങ്ങൾ വ്യക്തമാക്കുന്നതിനുള്ള മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കററിൻമേലുള്ള പഠനം, മരണ കാരണങ്ങളെക്കുറിച്ച് ഗ്രാമപ്രദേശങ്ങളിൽ നടക്കുന്ന സർവ്വേ എന്നിവ തുടർന്നു.

22. വ്യവസായ ഉൽപ്പാദന സൂചിക.—റിപ്പോർട്ടുവർഷം 31-3-1988-ലെ ത്രൈമാസിക റിപ്പോർട്ട് ക്രോഡീകരിച്ച് 1987-88-ലെ വാർഷിക റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. പുതിയ സൂചിക അനുസരിച്ച് 1988-89-ലെ വാർഷിക റിപ്പോർട്ട് തയ്യാറാക്കാനായി ത്രൈമാസിക ഉൽപ്പാദന സൂചിക തയ്യാറാക്കിവരുന്നു. 1987-88-ലെ കേരള സംസ്ഥാനത്തിലെ കടൽ മാർഗ്ഗം നടത്തിയ കയററുമതി-ഇറക്കുമതി സംബന്ധിച്ച വിവരങ്ങൾ തയ്യാറാക്കി. 1988-89-ലെ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള പ്രാരംഭജോലികൾ ആരംഭിച്ചു. വ്യവസായ ഉൽപ്പന്നങ്ങളുടെ മൊത്തവിലയിൽ ഉണ്ടായിട്ടുള്ള മാററങ്ങൾ കണക്കാക്കി മൊത്തവിലനിലവാര സൂചിക തയ്യാറാക്കുന്ന പ്രക്രിയയനുസരിച്ച് റിപ്പോർട്ടുവർഷം 1988-89-ലെ സൂചിക തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

23. ഇവാല്യുവേഷൻ.—മണ്ണൊലിപ്പു തടയുന്ന പദ്ധതിയനുസരിച്ച് സഹായം ലഭിച്ചവരുടെ ധനവിനിയോഗം, ഉൽപ്പാദന നിരക്കിലുണ്ടായിട്ടുള്ള മാററം, അധികമായി കൃഷിയോഗ്യമാക്കിയ ഭൂമിയുടെ വിസ്തൃതി എന്നിവയെക്കുറിച്ച് പഠനം നടത്തി. തിരുവനന്തപുരം ജില്ലയുടെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. മററു ചില ജില്ലകളുടെ റിപ്പോർട്ട് പൂർത്തിയായിവരുന്നു.

24. നാഷണൽ സാമ്പിൾ സർവ്വേ.—1988-89-ലെ 44-ാം തവണത്തെ സാമ്പിൾ സർവ്വെ പൂർത്തീകരിച്ചു. 1989 ജൂലൈ മാസത്തിൽ 45-ാം വട്ടം സർവ്വെ ആരംഭിച്ചു. 1948-ലെ ഫാക്ടറി ആക്ടിൻപ്രകാരം രജിസ്ററർ ചെയ്യാത്ത അസംഘടിത മേഖലയിലെ കാർഷികേതര വ്യവസായ യൂണിററുകളെ സംബന്ധിച്ചുള്ളതാണ് 45-ാം വട്ടം സർവ്വെ.

36-ാം വട്ടം സർവ്വെയിൽ ശേഖരിച്ച വിവരങ്ങളെ ആസ്പദമാക്കി അംഗവൈകല്യമുള്ളവരെക്കുറിച്ചുള്ള റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

38-ാം വട്ടം നടത്തിയ പഠനത്തിൽനിന്നും ഗാർഹിക ചെലവിനങ്ങളെ സംബന്ധിച്ചുള്ള റിപ്പോർട്ട് പൂർത്തിയായി.

25. ഡിസൈൻ, സർവ്വേ ആൻറ് സ്ററഡീസ് വിഭാഗം.—റിപ്പോർട്ടു വർഷത്തിൽ ഈ വിഭാഗം നാലു സർവ്വേകളുടെ രൂപരേഖ തയ്യാറാക്കി.

26. ഔദ്യോഗിക ഭാഷാ വിഭാഗം.—റിപ്പോർട്ടുവർഷത്തിൽ ജില്ലാ-താലൂക്ക് തലങ്ങളിൽ മലയാളം ഔദ്യോഗിക ഭാഷ ആക്കുന്നതിൽ ഗണ്യമായ പുരോഗതി നേടിയിട്ടുണ്ട്. എന്നാൽ ഇത് ഒരു സാങ്കേതിക വകുപ്പായതിനാൽ ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളത്തിലാക്കാൻ വിഷമമുണ്ട്.

27. ഏകോപന വിഭാഗം.—വിവിധ വകുപ്പുകളിൽ പ്രവർത്തിക്കുന്ന സ്ററാററിസ്ററിക്കൽ വിഭാഗങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുക, വിലയിരുത്തുക, പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക എന്നിവയാണ് ഈ വിഭാഗത്തിൻെറ ചുമതലകൾ. റിപ്പോർട്ടു വർഷത്തിൽ വിവിധ വകുപ്പുകളിലെ സ്ററാററിസ്ററിക്കൽ മേധാവികളുടെ യോഗം 1989 ആഗസ്ററ് 16, 17, 18, 19 തീയതികളിൽ കൂടി പ്രവർത്തനങ്ങൾ വിലയിരുത്തുകയും അവ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

28. തൊഴിൽ സ്ഥിതിവിവരക്കണക്ക് വിഭാഗം.—1948-ലെ ഫാക്ടറി നിയമപ്രകാരം 1987-ൽ രജിസ്ററർ ചെയ്ത ഫാക്ടറികളിൽ നിന്നുള്ള വാർഷിക കണക്ക് പത്രികകളും അവയെ സംബന്ധിക്കുന്ന മററു വിവരങ്ങളും ശേഖരിച്ച് സൂക്ഷ്മ പരിശോധന നടത്തി സമാഹരിച്ച റിപ്പോർട്ടും ബന്ധപ്പെട്ട സ്റേറററുമെൻറുകളും സിംലയിലെ ലേബർ ബ്യൂറോയ്ക്ക് നൽകി. നിയമ പ്രകാരം ലഭിക്കുന്ന ഫാക്ടറികളുടെ വാർഷിക കണക്കുകൾ, ജില്ല തിരിച്ച് തയ്യാറാക്കിയ സ്ഥിതിവിവരപട്ടികകൾ 1987 (അന്തിമം), 1988 (താൽക്കാലികം) ഇവ സംസ്ഥാന ആസൂത്രണ ബോർഡിന് അയച്ചുകൊടുത്തു. കൂടാതെ ലേബർ സ്ററാററിസ്ററിക്സ് 1989 എന്ന പ്രസിദ്ധീകരണത്തിന് ആവശ്യമായ പട്ടികകൾ തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചു.

29. ഭവനനിർമ്മാണവും വേതനഘടനയും വിഭാഗം.—ഈ വിഭാഗം ഭവന നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചും കെട്ടിടനിർമ്മാണ മേഖലയിലും വ്യാപാര വാണിജ്യ മേഖലയിലും ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെയും മററു ജോലിക്കാരുടെയും വേതനഘടനയെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്ത് പട്ടികകൾ തയ്യാറാക്കി ഭവനനിർമ്മാണ രംഗത്തെ വിവരങ്ങൾ ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്കും വേതന ഘടനയെ സംബന്ധിച്ച വിവരങ്ങൾ സംസ്ഥാന വരുമാന വിഭാഗത്തിൻെറ പഠനത്തിനായി അയച്ചുകൊടുക്കുകയും ചെയ്തു.

30. വ്യവസായ സ്ഥിതിവിവരക്കണക്ക് വിഭാഗം.—വ്യവസായ മേഖലയുടെ ക്രമാനുഗതമായ വളർച്ചയുടെയും വികാസത്തിൻെറയും തോത്, മാതൃക, വേഗത എന്നിവ തിട്ടപ്പെടുത്തുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിക്കുകയാണ് ഈ വിഭാഗത്തിൻെറ പ്രധാനജോലി. റിപ്പോർട്ടുവർഷത്തിൽ 1984-85-ലെ റിപ്പോർട്ട് തയ്യാറാക്കി. കൂടാതെ 1985-86-ലെ റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ പട്ടികകൾ തയ്യാറാക്കി.

31. മെക്കാനിക്കൽ ടാബുലേഷൻ വിഭാഗം.—റിപ്പോർട്ടു വർഷത്തിൽ ഒരു ഷിഫ്ററ് മാത്രമേ പ്രവർത്തിച്ചിട്ടുള്ളു. 1986 വർഷത്തിലെ കണ്ണൂർ ജില്ല ഒഴികെയുള്ള എല്ലാ പഞ്ചായത്തുകളിലെയും ജനന-മരണ സ്ഥിതിവിവരപ്പട്ടിക തയ്യാറാക്കി. 1987-ലെ തിരുവനന്തപുരം, കോട്ടയം എന്നീ ജില്ലകളിലെ പഞ്ചായത്തു തലത്തിലുള്ള ജനന-മരണ സ്ഥിതിവിവരപ്പട്ടിക പൂർത്തിയാക്കി.

32. പ്ലാനിംഗ്.—സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനായി ഏറ്റെടുത്തുനടത്തുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ തയ്യാറാക്കി ഗവൺമെൻറിന് സമർപ്പിക്കുകയും പദ്ധതിപ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്ത് പ്രതിമാസ-ത്രൈമാസിക റിപ്പോർട്ടുകൾ തയ്യാറാക്കി കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾക്ക് അയയ്ക്കുക എന്നതാണ് ഈ വിഭാഗത്തിന്റെ പ്രധാന ജോലി. ഡിപ്പാർട്ടുമെൻറിന്റെ ഉദ്യോഗസ്ഥന്മാരെ സാങ്കേതിക പരിശീലനത്തിനായി തിരഞ്ഞെടുക്കുന്നതും ഈ വിഭാഗമാണ്. റിപ്പോർട്ട് വർഷം 52 ഉദ്യോഗസ്ഥന്മാർക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് ഇൻ ഗവൺമെൻറിൽ പരിശീലനം നൽകി. വിവിധ സർവ്വേകളുടെ നടത്തിപ്പിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി ജില്ലാതല ഓഫീസർമാരുടെ ഒരു കോൺഫറൻസ് ഈ കാലയളവിൽ നടത്തുകയുണ്ടായി.

33. മൈനർ ഇറിഗേഷൻ സ്റ്റാററിസ്ററിക്കൽ വിഭാഗം.—ഈ പദ്ധതി 1988 ഒക്ടോബർ മുതൽ നടപ്പിലാക്കി. 1988—89-ലെ വാർഷിക റിപ്പോർട്ടും 1989-90-ലെ 31-12-1990-ന് അവസാനിക്കുന്ന പാദവാർഷിക റിപ്പോർട്ടും കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് യഥാസമയം സമർപ്പിച്ചു. 1989-90-ലെ വാർഷിക റിപ്പോർട്ട് തയ്യാറായിവരുന്നു.

34. പ്രസിദ്ധീകരണ വിഭാഗം.—ഈ വിഭാഗം റിപ്പോർട്ടുവർഷത്തിൽ 16 റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു.

35. ചെലവ്.—റിപ്പോർട്ടുവർഷത്തിൽ വകുപ്പിന്റെ പദ്ധതിച്ചെലവുകൾക്കും പദ്ധതിയേതര ചെലവുകൾക്കുമായി ആകെ ചെലവ് 464.97 ലക്ഷം രൂപയായിരുന്നു.

36. 1989-90-ൽ വകുപ്പിന്റെ പ്രവർത്തനം സാമാന്യം തൃപ്തികരമായിരുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

വി. കൃഷ്ണമൂർത്തി,

കമ്മീഷണർ ആൻറ് സെക്രട്ടറി.

# ആമുഖം

ഇക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് (സാമ്പത്തിക സ്ഥിതി വിവക്കണക്ക്) വകുപ്പ് സമ്പദ് ഘടനയുടെ വിവിധ വശങ്ങളെപ്പററി വിശദ മായ വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച് അപഗ്രഥനം നടത്തി ആസൂത്രണ ത്തിനും മററാവശ്യങ്ങൾക്കും വേണ്ട വിവരങ്ങൾ നൽകുന്ന ഗവൺമെൻറിൻെറ ഒരു പ്രധാന ഘടകമായി പ്രവർത്തിക്കുന്നു.

പ്രധാന മേഖലകളെ സംബന്ധിക്കുന്ന വിവരങ്ങൾ മുറപ്രകാരം തുടർച്ച യായി ശേഖരിക്കുന്നു. മററ് മേഖലകളെക്കുറിക്കുന്ന വിവരങ്ങൾ കാലാകാല ങ്ങളിൽ സെൻസസും സർവ്വേയും മററും നടത്തി ശേഖരിക്കുന്നു. സ്ഥിതി വിവരക്കണക്ക് ശേഖരിക്കുന്നതിനുവേണ്ടി സർവെയും സെൻസസും നടത്തുക യെന്നത് ഈ വകുപ്പിൻെറ പ്രധാന ജോലികളിലൊന്നാണ്. ഈ വകുപ്പിനു വേണ്ടി മാത്രമല്ല, മററ് കേന്ദ്ര-സംസ്ഥാന വകുപ്പുകൾക്കും അർദ്ധ-സർക്കാർ സ്ഥാപനങ്ങൾക്കു വേണ്ടിയും സർവേകൾ രൂപകല്പന ചെയ്യുകയും നടത്തിച്ചുകൊടുക്കുകയും ചെയ്യുന്നു. ഈ സംസ്ഥാനത്തെ സംബന്ധിച്ചിട ത്തോളം സ്ഥിതിവിവരക്കണക്കുകളുടെ ആധികാരികമായ ദാതാവ് ഈ വകു പ്പാണ്. ആസൂത്രണത്തിനും മററ് വികസന പ്രവർത്തനങ്ങൾക്കും ആവശ്യ മായ സ്ഥിതിവിവരക്കണക്കുകൾ ലഭ്യമാക്കുന്നതോടൊപ്പം ഈദൃശപ്രവർത്തന ങ്ങളിൽ സർക്കാരിൻെറ ഉപദേഷ്ടാവായും വർത്തിക്കുന്നു. സർക്കാരിൻെറ വികസന പരിപാടികളുടെ ഫലപ്രാപ്തിയെപ്പററി വിലയിരുത്തുന്നത് ഈ വകുപ്പിൻെറ മറെറാരു പ്രധാന ചുമതലയാണ്.

1989-90-ൽ ഈ വകുപ്പിൻെറ വിവിധ ഡിവിഷനുകളിൽ നടന്ന പ്രവർത്തന ങ്ങളുടെ ഒരു സംക്ഷിപ്ത വിവരണം ചുവടെ ചേർക്കുന്നു.

# ഔദ്യോഗിക ഘടന

## ഡയറക്ടർ

ഡയറക്ടറായിരുന്ന ശ്രീ കെ. ബാലകൃഷ്ണൻ നായർ 31-3-1989-ൽ പെൻഷൻപററിപ്പിരിഞ്ഞ ഒഴിവിലേക്ക് ശ്രീമതി പി. എൽ. ശ്രീദേവി അമ്മയെ 13-3-1989 ജി. ഒ. (എം. എസ്.) 5/89/പ്ലാനിംഗ് നമ്പരായുള്ള സർക്കാർ ഉത്തരവ് പ്രകാരം ഡയറക്ടറായി നിയമിക്കുകയും 1-4-1989-ൽ ഈ തസ്തികയിൽ പ്രവേശിക്കുകയും ചെയ്തു.

## അഡീഷണൽ ഡയറക്ടർമാർ

അഡീഷണൽ ഡയറക്ടറായിരുന്ന ശ്രീമതി പി. എൽ. ശ്രീദേവി അമ്മയെ ഡയറക്ടറായി നിയമിച്ചപ്പോൾ ശ്രീമതി എസ്. രത്നാമായി അമ്മാൾ അഡീഷണൽ ഡയറക്ടർ (ജനറൽ) ആയി നിയമിക്കപ്പെട്ടു. ശ്രീമതി പി. എൽ. ശ്രീദേവി അമ്മയുടെ പ്രമോഷൻമൂലം ഉണ്ടായ ഒഴിവിലേക്ക് ജോയിൻറ് ഡയറക്ടർമാരിൽ സീനിയറായ ശ്രീമാൻ എ. ബാലകൃഷ്ണനെ അഡീഷണൽ ഡയറക്ടറായി ഉദ്യോഗക്കയററം നൽകി പ്രൈസ് വിഭാഗത്തിൻെറ അഡീഷണൽ ഡയറക്ടറായി നിയമിച്ചു. ഡിപ്പാർട്ടുമെൻറിലെ മററൊരു അഡീഷണൽ ഡയറക്ടറായ ശ്രീമതി ററി. സരസ്വതി അമ്മ വരുമാന വിഭാഗം അഡീഷണൽ ഡയറക്ടറായി നടപ്പുവർഷവും തുടരുകയുണ്ടായി.

ഈ ഡിപ്പാർട്ടുമെൻറിലെ അഡീഷണൽ ഡയറക്ടറായ ശ്രീ. ജി. സോമശേഖരൻ നായർ കേരള സംസ്ഥാന ഭൂമി നിയോഗ സമിതിയിൽ അസിസ്ററൻറ് കമ്മീഷണർ ആയി തുടരുന്നതിന് ഡെപ്യൂട്ടേഷൻ കാലാവധി ദീർഘിപ്പിച്ചുകൊടുത്തു.

ശ്രീമതി എസ്. രത്നാമായി അമ്മാളും തുടർന്ന് ശ്രീമാൻ എ. ബാലകൃഷ്ണനും അവധിയിൽ പ്രവേശിച്ച ഒഴിവിലേക്ക് ശ്രീ. എൻ. വി. ജോർജിന് പ്രമോഷൻ നൽകി. അദ്ദേഹം 1-3-1989 മുതൽ 31-1-1990 പെൻഷൻ പററുന്നതുവരെ അഡീഷണൽ ഡയറക്ടറായിരുന്നു.

## ജോയിൻറ് ഡയറക്ടർമാർ

നടപ്പുവർഷം താഴെ പറയുന്നവർ ജോയിൻറ് ഡയറക്ടർമാരായി ഈ ഡിപ്പാർട്ടുമെൻറിൽ സേവനം അനുഷ്ഠിക്കുകയുണ്ടായി.

1. ശ്രീ കെ. അച്ചുതൻ
2. ഡോ. എം. കുട്ടപ്പൻ
3. ശ്രീമതി സി. സൈനബ
4. ശ്രീ. എ. മീരാസാഹിബ്
5. ശ്രീ. എ. എം. ഹാരദാസൻനായർ (22-4-1989 മുതൽ)

## ഡെപ്യൂട്ടി ഡയറക്ടർമാർ

താഴെ പറയുന്നവർ ഡെപ്യൂട്ടി ഡയറക്ടർമാരായി 1989-90 വർഷം ഈ ഡിപ്പാർട്ടുമെൻറിൽ സേവനം അനുഷ്ഠിച്ചിരുന്നു.

1. ശ്രീ. സി. പി. ഗോപിനാഥൻനായർ
2. ശ്രീ. കെ. മുഹമ്മദുകുട്ടി

3. ശ്രീ. പി. സി. ജെയിൻ
4. ശ്രീമതി സി. വൈജയന്തി (30-9-1989 വരെ)
5. ശ്രീമതി ബി. അംബിക കുമാരി
(11-10-1989 മുതൽ 10-11-1989 വരെ)
6. ശ്രീ. കെ. നാരായണൻ
7. ശ്രീ. വി. ഗോപിനാഥൻ നായർ
8. ശ്രീ. ടി. എച്ച്. വിൽസ്
9. ശ്രീ. ടി. ടി. മൈക്കാം
10. ശ്രീ. പി. ടി. ആൻറണി
11. ശ്രീ. എ. വി. യാക്കൂബ് (22-4-1989 മുതൽ 28-2-1990 വരെ)
12. ശ്രീ. സാംവർഗ്ഗീസ്
13. ശ്രീ. വി. ജെ. ഐസക്
14. ശ്രീ. വി. കൊച്ചുനാരായണപിള്ള
15. ശ്രീ. ജോസഫ് ജെ. കാവുക്കാട്ട് (31-1-1990 വരെ)
16. ശ്രീ. വി. വൽസൻ
17. ശ്രീമതി മിനി ജോർജ്
18. ശ്രീ. വി. എ. എബ്രഹാം
19. ശ്രീ. കെ. പി. രാജേന്ദ്രപ്രസാദ്

3-7-1989-ലെ ജി. ഒ. (എം. എസ്.) 20/89/പ്ലാനിംഗ് നമ്പരായുള്ള ഉത്തരവുപ്രകാരം ഡെപ്യൂട്ടി ഡയറക്ടർമാരുടെ രണ്ട് തസ്തികകൾ നിറുത്തുകയുണ്ടായി. എന്നാൽ മലപ്പുറം ജില്ലാ ഓഫീസിലേക്ക് ഡെപ്യൂട്ടി ഡയറക്ടറുടെ തസ്തിക അനുവദിച്ചു.

## അസിസ്റ്റൻറ് ഡയറക്ടർമാർ

1989-90 വർഷത്തെ ഈ ഡിപ്പാർട്ടുമെൻറിലെ അസിസ്റ്റൻറ് ഡയറക്ടർമാരായി താഴെ പറയുന്നവർ സേവനം അനുഷ്ഠിക്കുകയുണ്ടായി..

1. ശ്രീമതി എ. ശ്യാമളാദേവി
2. ശ്രീമതി ജെ. ബിയാട്രീസ്
3. ശ്രീ. ടി. ഒ. ജോൺ
4. ശ്രീ. എ. വി. യാക്കൂബ് (22-4-1989)
5. ശ്രീ. എം. ഷാബുദീൻ
6. ശ്രീമതി ഷൈലജാഗോപാൽ
7. ശ്രീ. പി. കെ. ദാസൻ
8. ശ്രീമതി കെ. പി. ത്രേസ്യാമ്മ
9. ശ്രീ. എം. പി. സതീശൻ (31-10-1989 വരെ)
10. ശ്രീ. കെ. അശോകൻ (11-12-1989 മുതൽ)
11. ശ്രീ. സി. പി. രാജേന്ദ്രൻ
12. ശ്രീമതി പി. ഡി. മറിയാമ്മ
13. ശ്രീമതി കെ. രാധമ്മ
14. ശ്രീ. സി. ജെ. ഗോപാലകൃഷ്ണൻ നായർ

ജില്ലാ ആഫീസർമാർ/റീജിയണൽ സ്ററാററിസ്ററിക്കൽ ആഫീസർമാർ

1. ശ്രീ. കെ. ആർ. രാജൻ (31-9-1989 വരെ)
2. ശ്രീമതി കെ. കെ. അന്നമ്മ
3. ശ്രീ. ആർ. വാസുദേവൻനായർ
4. ശ്രീ. ഡി. ലൂക്കോസ്
5. ശ്രീ. ജോർജ് മാത്യു (31-7-1989 വരെ)
6. ശ്രീ. കെ. എൻ. വാസുദേവൻ നായർ
7. ശ്രീ. കെ. എൻ. ജയചന്ദ്രൻ
8. ശ്രീ. ടി. യു. മത്തായി
9. ശ്രീ. എ. കെ. നാരായണകർത്താ
10. ശ്രീ. പി. ആർ. മുരളീധരൻനായർ
11. ശ്രീ. കെ. ശ്രീധരൻ
12. ശ്രീ. കെ. ജി. രാധാകൃഷ്ണൻ
13. ശ്രീ. വി. കെ. കുട്ടികൃഷ്ണപിള്ള (15-11-1989 മുതൽ അവധിയിൽ പ്രവേശിച്ചു)
14. ശ്രീ. കെ. എസ്. നാരായണൻ നായർ (31-1-1990 വരെ)
15. ശ്രീ. എ. വി. ശോശാമ്മ
16. ശ്രീ. കെ. എസ്. ശ്രീധരൻ (28-2-1990)
17. ശ്രീമതി എൻ. രാജമ്മ
18. ശ്രീ. കെ. ടി. സക്കറിയ
19. ശ്രീ. എം. ചന്ദ്രശേഖരൻ നായർ
20. ശ്രീ. കെ. ജി. സർവ്വോത്തമൻ (31-1-1990 വരെ)
21. ശ്രീ. പി. വി. രാമചന്ദ്രൻനായർ
22. ശ്രീ. ജി. അരവിന്ദാക്ഷൻനായർ
23. ശ്രീ. കെ. ജി. രാധാകൃഷ്ണൻ
24. ശ്രീ. കെ. അബ്ദുള്ള
25. ശ്രീ. എച്ച്. ജോൺസൺ

അഡ്മിനിസ്ട്രേററീവ് ആഫീസർമാർ

1. ശ്രീ. പി. എ. ദാസ് (5-1-1990 വരെ)
2. ശ്രീ. എസ്. പത്മനാഭക്കുറുപ്പ് (5-1-1990 മുതൽ)

അഡ്മിനിസ്ട്രേററീവ് അസിസ്ററൻറുമാർ

1 ശ്രീ. പി. കെ. നാണു
2. ശ്രീമതി വി. എസ്. ജാനകി
3. ശ്രീ. എം. ഭാഷ്യം (19-9-1989 വരെ)
4. ശ്രീ. ജസ്ററിൻ (17-10-1989 മുതൽ)
5. ശ്രീ. എൻ. തങ്കപ്പൻപിള്ള (1-4-1989 മുതൽ 31-7-1989 വരെ)

ഈ ഡിപ്പാർട്ടുമെൻറിലെ അഡ്മിനിസ്ട്രേററീവ് അസിസ്ററൻറ് ആയ ശ്രീ. എം. ഭാഷ്യം 19-9-1989-ലെ ജി. ഒ. ആർ. ടി. 433/89/പ്ലാനിംഗ് നമ്പർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന ഭൂവിനിയോഗ സമിതിയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചു.

ഈ വകുപ്പിലേക്ക് അനുവദിച്ചിട്ടുള്ള തസ്തികകളുടെ ഇനം തിരിച്ചുള്ള എണ്ണം 31-3-1990 കണക്കുപ്രകാരം

## സാങ്കേതിക വിഭാഗം

| | | എണ്ണം |
|---|---|---|
| ഡയറക്ടർ | .. | 1 |
| അഡീഷണൽ ഡയറക്ടർ | .. | 3 |
| ജോയിൻറ് ഡയറക്ടർ | .. | 5 |
| ഡെപ്യൂട്ടി ഡയറക്ടർ | .. | 15 |
| അസിസ്ററൻറ് ഡയറക്ടർ | .. | 12 |
| ജില്ലാ ആഫീസർ | .. | 14 |
| റീജിയണൽ സ്ററാററിസ്ററിക്കൽ ആഫീസർ | .. | 3 |
| അഡീഷണൽ ജില്ലാ ആഫീസർ | .. | 32 |
| പ്രൈസ് സൂപ്പർവൈസറി ആഫീസർ | .. | 13 |
| ഡോക്കുമെൻേറഷൻ ആഫീസർ | .. | 1 |
| റിസർച്ച് ആഫീസർ | .. | 43 |
| സ്ക്രൂട്ടണി ആഫീസർ | .. | 3 |
| സീനിയർ റിസർച്ച് അസിസ്ററൻറ് | .. | 2 |
| താലൂക്ക് സ്ററാററിസ്ററിക്കൽ ആഫീസർ | .. | 61 |
| സീനിയർ സൂപ്പർവൈസർ | .. | 1 |
| റിസർച്ച് അസിസ്ററൻറ്/സ്ററാററിസ്ററിക്കൽ ഇൻസ്പെക്ടർ | .. | 165 |
| സൂപ്പർവൈസർ (എം. ടി. യൂണിററ്) | .. | 1 |
| പ്രൈസ് ഇൻസ്പെക്ടർ | .. | 13 |
| ജൂനിയർ സ്ററാററിസ്ററിക്കൽ ഇൻസ്പെക്ടർ | .. | 29 |
| എക്സ്ററൻഷൻ ആഫീസർ (പി. ആൻറ് എം.) | .. | 151 |
| യു. ഡി. കമ്പയിലർ/ഇൻവെസ്ററിഗേററർ/ പഞ്ചുകാർഡ് ഓപ്പറേററർ | .. | 624 |
| എൽ. ഡി. കമ്പയിലർ/ഇൻവെസ്ററിഗേററർ/ പഞ്ചുകാർഡ് ഓപ്പറേററർ | .. | 707 |
| എൽ. ഡി. പഞ്ചുകാർഡ് ഓപ്പറേററർ | .. | 9 |
| യു. ഡി. പഞ്ചുകാർഡ് ഓപ്പറേററർ | .. | 9 |
| പാർട്ട്-ടൈം എന്യൂമറേററർ | .. | 150 |
| ഡെപ്യൂട്ടി ഹെൽത്ത് ഓഫീസർ | .. | 5 |

## ഭരണ വിഭാഗം

| | | |
|---|---|---|
| അഡ്മിനിസ്ട്രേററീവ് ആഫീസർ | .. | 1 |
| അഡ്മിനിസ്ട്രേററീവ് അസിസ്ററൻറ് | .. | 3 |
| സീനിയർ സൂപ്രണ്ട് | .. | 4 |
| ജൂനിയർ സൂപ്രണ്ട് | .. | 3 |
| ഹെഡ് ക്ലാർക്ക് | .. | 4 |
| കോൺഫിഡൻഷ്യൽ അസിസ്ററൻറ് | .. | 5 |
| യു. ഡി. ക്ലാർക്ക് | .. | 20 |
| ഫെയർകോപ്പി സൂപ്രണ്ട് | .. | 3 |
| യു. ഡി. ടൈപ്പിസ്ററ് | .. | 24 |
| എൽ. ഡി. ടൈപ്പിസ്ററ് | .. | 23 |

| | | എണ്ണം |
|---|---|---|
| റോട്ടാ ടൈപ്പിസ്റ്റ് | .. | 1 |
| റോട്ടാപ്രിന്റ് ഓപ്പറേറ്റർ | .. | 1 |
| ഡ്രാഫ്റ്റ്സ്മാൻ | .. | 2 |
| ഡ്രൈവർ | .. | 17 |
| അറ്റൻഡർ | .. | 1 |
| ഡഫേദാർ | .. | 1 |
| മോച്ചി | .. | 1 |
| പ്യൂൺ | .. | 73 |
| നൈറ്റ് വാച്ചർ | .. | 1 |
| ഡ്യൂപ്ലിക്കേറ്റിംഗ് ഓപ്പറേറ്റർ | .. | 1 |

നടപ്പ് സാമ്പത്തിക വർഷത്തിൽ 3-7-1989-ലെ ജി. ഒ. (എം. എസ്.) 20/89/പ്ലാനിംഗ് നമ്പർ ഉത്തരവ് പ്രകാരം ഡിപ്പാർട്ടുമെന്റിൽ നിലവിലിരുന്ന മാൻപൗവ്വർ യൂണിറ്റും മോണിട്ടറിംഗ് യൂണിറ്റും നിറുത്തലാക്കി. പ്രസ്തുത വിഭാഗങ്ങൾ നിറുത്തലാക്കിയതിനാൽ ഡിപ്പാർട്ടുമെന്റിലെ ഒരു ജോയിന്റ് ഡയറക്ടർ, ഒരു ഡെപ്യൂട്ടി ഡയറക്ടർ, 13 റിസർച്ച് ആഫീസർമാരുടെയും സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കേണ്ടിവന്നു.

<u>കാർഷിക സ്ഥിതിവിവരക്കണക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഏജൻസി</u>

പ്രധാന കാർഷിക വിളകളുടെ വിസ്തൃതി, ഉല്പാദനം, ഉല്പാദന നിരക്ക്, ജലസേചനം, ഭൂവിനിയോഗ വിവരങ്ങൾ എന്നിവ സൂക്ഷ്മമായി തിട്ടപ്പെടുത്തുന്നതിനുവേണ്ടി 1975-76 മുതൽ കേന്ദ്രഗവൺമെന്റു സഹായത്തോടുകൂടി ഒരു സർവ്വെ ആരംഭിച്ചു. ഇതനുസരിച്ച് അഞ്ചുവർഷംകൊണ്ട് കേരളത്തിലെ എല്ലാ വില്ലേജുകളും പൂർണ്ണമായി സർവ്വെ ചെയ്ത് തീർക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ യഥാക്രമം 1981 ജൂണിലും 1986 ജൂണിലും പൂർത്തിയായി. മൂന്നാംഘട്ടം 1986 ജൂലൈ മാസം ആരംഭിക്കുകയും ബന്ധപ്പെട്ട റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തു.

കാർഷിക മേഖലയെക്കുറിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ ബ്ലോക്കുതലത്തിൽ ശേഖരിക്കുന്നു. മുൻകൊല്ലത്തെപ്പോലെ സംസ്ഥാനത്തെ 811 ഇൻവെസ്റ്റിഗേറ്റർ സോണുകളാക്കി വിഭജിച്ച് ഓരോ സോണിലും 5 സർവ്വേ/ലിത്തോ സബ് ഡിവിഷൻ ഉൾക്കൊള്ളുന്ന മൊത്തം 100 ക്ലസ്റ്ററുകളിൽ നിന്നും കണക്കെടുക്കുന്നു. നിലം കരയുടെ വിസ്തീർണ്ണത്തിന് ആനുപാതികമായി നിശ്ചയിച്ചിട്ടുണ്ട്. ഇപ്രകാരം തെരഞ്ഞെടുത്ത നിലം ക്ലസ്റ്ററുകളിൽ 3 പ്രാവശ്യവും (വിരിപ്പു, മുണ്ടകൻ, പുഞ്ച) കരഭൂമി ക്ലസ്റ്ററുകളിൽ 2 പ്രാവശ്യം സന്ദർശനവും നടത്തി കൃഷി ചെയ്തിട്ടുള്ള വിളകളുടെ വിവരങ്ങൾ അത്യുല്പാദന ശേഷിയുള്ള നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി, ജലസേചനത്തിന്റെ വിവരങ്ങൾ എന്നിവ ശേഖരിക്കുന്നു. വിളവെടുപ്പ് പരീക്ഷണം നടത്തേണ്ട സ്ഥലങ്ങൾ "ഉദ്ദേശ രഹിത റാൻഡം" രീതിയിൽ തെരഞ്ഞെടുക്കുന്നു. ഇപ്രകാരം നടത്തിയ പരീക്ഷണങ്ങളിൽനിന്നും എന്യൂമറേഷനിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ ക്രോഡീകരിച്ച് സംസ്ഥാനത്തിന്റെ മൊത്തം കാർഷികസ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കുന്നു. ജില്ലാതലത്തിൽ ഈ സർവ്വെ നടത്തുന്നതിനുള്ള ചുമതല ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ആഫീസർ, അഡി. ജില്ലാ ആഫീസർ എന്നിവരും താലൂക്ക് തലത്തിൽ താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ, സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ എന്നിവരുമാണ് വഹിക്കുന്നത്.

ജൂലൈ മാസത്തിൽ ആരംഭിച്ച് ജൂണിൽ അവസാനിക്കുന്ന കാർഷിക വർഷമാണ് ഈ സർവെയ്ക്കുവേണ്ടി എടുത്തിട്ടുള്ളത്. 1987-88-ൽ നടത്തിയ സർവെ റിപ്പോർട്ടുകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1988-89-ലെ റിപ്പോർട്ടുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.നടപ്പുവർഷത്തിൽ തെരഞ്ഞെടുത്ത ക്ലസ്റ്ററുകളിൽ നാഷണൽ സാമ്പിൾ സർവെയുടെ ആഭിമുഖ്യത്തിൽ നെല്ലിനും, മരച്ചീനിക്കും ഒരു സമാന്തര പരിശോധനകൂടി നടത്തുന്നുണ്ട്. ഈ സമാന്തര പദ്ധതിപ്രകാരം 160 സോണുകളിൽ ഏരിയ എന്യൂമറേഷനും 160 വിള പരീക്ഷണങ്ങളും പരിശോധിക്കേണ്ടതുണ്ട്. നാഷണൽ സാമ്പിൾ സർവെ സംഘടനയും സംസ്ഥാന കാർഷിക സ്ഥിതിവിവരക്കണക്ക് ഏജൻസിയും കൂടി തുല്യമായി പങ്കിട്ടുകൊണ്ടാണ് ഈ പദ്ധതി നടപ്പാക്കുന്നത്. സ്റ്റേററ് സാമ്പിളുകളായിട്ടുള്ള 50% വില്ലേജുകളിൽ പരിശോധന ചുമതല അഡീഷണൽ ജില്ലാ സ്ററാററിസ്ററിക്കൽ ഓഫീസറും ബാക്കി സെൻട്രൽ സാമ്പിളുകളായ 50% വില്ലേജുകളിൽ പരിശോധന ചുമതല നാഷണൽ സാമ്പിൾ സർവെ ഉദ്യോഗസ്ഥൻമാരുമാണ് നടത്തുന്നത്. 1988-89-ലെ സർവെ മുഖാന്തിരം ശേഖരിച്ച വിവരങ്ങളെ അടിസ്ഥാനമാക്കി ലഭിച്ചിട്ടുള്ള സ്ഥിതിവിവരക്കണക്കുകൾ അപഗ്രഥിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

## മഴയുടെ സ്ഥിതിവിവരക്കണക്ക് തയ്യാറാക്കൽ

സംസ്ഥാനത്തെ വിവിധ മഴ അളക്കൽ കേന്ദ്രങ്ങളിൽ രേഖപ്പെടുത്തിയ പ്രതിദിനം അളവും മാസക്കണക്കും 1989 ജൂൺ മാസം വരെയുള്ള കാലത്തേത് തയ്യാറാക്കി പൂനയിലെ കേന്ദ്ര കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിന് അയച്ചുകൊടുത്തു.

## കാർഷിക സ്ഥിതിവിവരക്കണക്കുകളുടെ പ്രവചന റിപ്പോർട്ട് തയ്യാറാക്കൽ

സംസ്ഥാനത്തെ പ്രധാന വിളകൾ കൃഷിചെയ്യുന്ന സ്ഥലത്തിന്റെ ഏകദേശം വിസ്തൃതിയും ഉൽപാദനവും മുൻകൂട്ടി കണക്കാക്കുന്ന പ്രക്രിയ അനുസരിച്ച് 1988-89-ലെ വിവിധ വിളവുകളുടെ പ്രവചന റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രഗവൺമെന്റിനും സംസ്ഥാനഗവൺമെന്റിനും അയച്ചുകൊടുത്തു.

## കാർഷിക മേഖലയിൽ പുതിയ സാങ്കേതിക വിജ്ഞാനം പകരുന്നതിനുള്ള തടസ്സങ്ങളെക്കുറിച്ചുള്ള മാതൃകാ പഠനം

എറണാകുളം ജില്ലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന 50% കേന്ദ്ര സഹായമുള്ള ഈ പദ്ധതി 1989 സെപ്റ്റംബർ മാസത്തോടുകൂടി അവസാനിച്ചു. സർവെ മുഖാന്തിരം ശേഖരിച്ച വിവരങ്ങൾ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന് അയച്ചുകൊടുത്തു. എറണാകുളം ജില്ലയിൽ തന്നെ തെരഞ്ഞെടുക്കപ്പെട്ട സാമ്പിളുകളിൽ ഭക്ഷ്യഎണ്ണയുടെ ഉപയോഗത്തെ സംബന്ധിച്ച് നടത്തിയ സർവെയുടെ റിപ്പോർട്ടും ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന് അയച്ചുകൊടുത്തു.

## കുരുമുളക് സർവെ

1989 നവംബർ ആദ്യവാരത്തിലാണ് ഈ സർവെ ആരംഭിച്ചത്. സ്പൈസസ് ബോർഡ് (കൊച്ചി)യുടെ സാമ്പത്തിക സഹായത്തോടെ പത്തനംതിട്ട,

ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ എന്നീ ആറ് ജില്ലകളിൽ ഈ സർവെ നടത്തുന്നു. ഓരോ ജില്ലയിലും 30 വീതം ആകെ 180 വിളവെടുപ്പ് പരീക്ഷണങ്ങൾ നടത്തുന്നതിന് അംഗീകാരം നൽകുകയും 1990 ഫെബ്രുവരി മാസത്തോടുകൂടി ഈ സർവെ പൂർത്തിയാക്കുകയും ചെയ്തു.

ഓരോ ജില്ലയിലും 300 വീതം 1800 ഹൗസ്ഹോൾഡ്സ് എന്യൂമറേഷൻ നടത്തുവാൻ അംഗീകാരം ഉണ്ടായിരുന്നു. അതിന്റെ പ്രവർത്തനങ്ങൾക്ക് പുരോഗതി ഉണ്ടായിക്കൊണ്ടിരിക്കുന്നു. 1990 സെപ്റ്റംബർ മാസത്തോടുകൂടി ഈ സർവെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ റിപ്പോർട്ടുവർഷത്തിൽ സർക്കാരിന്റെ വിവിധ ആവശ്യങ്ങൾക്കായുള്ള സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചിട്ടുണ്ട്.

## കൃഷിച്ചെലവ് സർവേ

പ്രധാന കാർഷിക വിളകളുടെ കൃഷിച്ചെലവ് തിട്ടപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഈ സർവേ 1980-81-ൽ തുടങ്ങി. ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. 1989-90 കാർഷിക വർഷത്തിൽ നെല്ല്, തെങ്ങ്, മരച്ചീനി, കുരുമുളക് എന്നീ വിളകളെ സംബന്ധിച്ച് മുൻകാലങ്ങളെപ്പോലെ സംസ്ഥാനത്തെ 38 താലൂക്കുകളിൽ നടന്നുകൊണ്ടിരിക്കുന്നു. 1987-88 വർഷത്തെ റിപ്പോർട്ട് തയ്യാറാക്കി, 1988-89-ലെ ടാബുലേഷൻ ജോലി നടക്കുന്നു.

ഓരോ താലൂക്കിലേയും തെരഞ്ഞെടുക്കപ്പെട്ട കർഷകരെ പരിശീലനം ലഭിച്ച ഇൻവെസ്റ്റിഗേറ്റർമാർ രണ്ടാഴ്ചയിൽ ഒരിക്കൽ വീതം സന്ദർശിച്ച് അവരുടെ കൃഷിമുറകളെപ്പററിയും ചെലവിനെപ്പററിയും വിവരങ്ങൾ നിശ്ചിത ഫാറങ്ങളിൽ ശേഖരിച്ച് പരിശോധിച്ച് ക്രോഡീകരിച്ച് വിശകലനംചെയ്ത് റിപ്പോർട്ട് തയ്യാറാക്കുന്നു.

## കാർഷിക സെൻസസ്

അഖിലേന്ത്യാ തലത്തിൽ 5 വർഷത്തിലൊരിക്കൽ നടത്തപ്പെടുന്ന കാർഷിക സെൻസസ് കേരളത്തിലും നടത്തുന്നുണ്ട്. കൈവശ ഭൂമിയുടെ വിസ്തീർണ്ണാടിസ്ഥാനത്തിലുള്ള വിതരണം, കൈവശാവകാശത്തിന്റെ സ്വഭാവമനുസരിച്ചിട്ടുള്ള വിതരണം, കൈവശാനുഭവഭൂമിയുടെ വിനിയോഗാടിസ്ഥാനത്തിലുള്ള വിതരണം, കാർഷികവിളകളുടെ വിസ്തീർണ്ണം, ഉൽപാദനം, ഉൽപാദന നിരക്കും, വിത്ത്, വളം, കീടനാശിനികൾ, കാർഷികോപകരണങ്ങൾ, കാർഷിക വായ്പകൾ തുടങ്ങിയ കാർഷികോപാധികളുടെ ഉപയോഗം മുതലായവ കൃഷിയുടെ വിവിധ വശങ്ങളെപ്പററി വിവരങ്ങൾ ശേഖരിക്കുകയും അപഗ്രഥിക്കുകയും ചെയ്യുകയാണ് ഈ വിഭാഗത്തിന്റെ പ്രധാന ചുമതല. ഈ സർവേ കേന്ദ്ര ഗവൺമെന്റിന്റെ സമ്പൂർണ്ണ സഹായത്താൽ നടത്തപ്പെടുന്നതാണ്.

1985-86 കാർഷിക സെൻസസിന്റെ ഫീൽഡ് ജോലികൾ ചില സാങ്കേതിക കാരണങ്ങളാൽ കേരളത്തിൽ 1987 നവംബർ മാസത്തിൽ മാത്രമേ തുടങ്ങുവാൻ കഴിഞ്ഞിട്ടുള്ളു. പ്രസ്തുത സെൻസസിനെ സംബന്ധിച്ച ജില്ലാ തലത്തിലും സംസ്ഥാനതലത്തിലുമുള്ള പട്ടികകൾ തയ്യാറാക്കി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ബ്ലോക്കുതലത്തിലുള്ള പട്ടികകൾകൂടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

## പ്രൈസസ് ഡിവിഷൻ

അവശ്യ സാധനങ്ങളുടെ ദൈനംദിന വില സംസ്ഥാനത്തിന്റെ എല്ലാ ജില്ലാ തലസ്ഥാനങ്ങളിൽ നിന്നും ടെലക്സ്/ടെലിഫോൺ മുഖേന ശേഖരിച്ച് ക്രോഡീകരിച്ച് അടുത്ത ദിവസംതന്നെ ഗവൺമെന്റിനും വിവിധ ഏജൻസികൾക്കും അയച്ചുകൊടുക്കുന്നു.

വിലയുടെ പ്രവണതയെ കാണിക്കുന്ന പ്രതിമാസ റിപ്പോർട്ട് തയ്യാറാക്കി ഗവൺമെന്റിലേക്ക് അയയ്ക്കുന്നു.

കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്നു ജില്ലാ ആസ്ഥാനങ്ങളിൽനിന്നും എല്ലാ വെള്ളിയാഴ്ചത്തേയും അവശ്യസാധനങ്ങളുടെ ചില്ലറവിലയും എല്ലാ മാസത്തേയും അവസാന വെള്ളിയാഴ്ച ദിവസത്തെ പ്രധാനപ്പെട്ട ഭക്ഷ്യ-ഭക്ഷ്യേതര സാധനങ്ങളുടെ വിലയും ശേഖരിച്ച് സൂക്ഷ്മപരിശോധന നടത്തി കേന്ദ്രസർക്കാരിന്റെ കൃഷി മന്ത്രാലയത്തിൽ പ്രവർത്തിക്കുന്ന ഡയറക്ടറേറ്റ് ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന് അയച്ചുകൊടുക്കുന്നു.

താഴെപ്പറയുന്ന 15 തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളുടെ 1970=100 അടിസ്ഥാന വർഷമായിട്ടുള്ള ഉപഭോക്തൃ വിലസൂചിക എല്ലാ മാസവും തയ്യാറാക്കി ഗസററിൽ വിജ്ഞാപനം ചെയ്തുവരുന്നു.

1. തിരുവനന്തപുരം
2. കൊല്ലം
3. പുനലൂർ
4. ആലപ്പുഴ
5. കോട്ടയം
6. മുണ്ടക്കയം
7. മൂന്നാർ
8. എറണാകുളം
9. ചാലക്കുടി
10. തൃശ്ശൂർ
11. പാലക്കാട്
12. കോഴിക്കോട്
13. മലപ്പുറം
14. മേപ്പാടി
15. കണ്ണൂർ

ഉപഭോക്തൃ വിലസൂചിക കാണിക്കുന്ന സ്റ്റേറ്റ്മെന്റുകൾ അവയുടെ ഗുണഭോക്താക്കളായ പ്രധാനപ്പെട്ട സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല, സ്വകാര്യ സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവയ്ക്ക് നൽകുന്നു.

1981-82 അടിസ്ഥാന വർഷമാക്കി ഉപഭോക്തൃ വിലസൂചിക പ്രസിദ്ധം ചെയ്യുന്ന നടപടികളുടെ ഭാഗമായി സാധനങ്ങളുടെ വാരാന്ത്യ വിലകൾ ശേഖരിക്കുന്നുണ്ട്. കേന്ദ്രസർക്കാരിന്റെ തൊഴിൽ മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന ലേബർ ബ്യൂറോ (സിംലയ്ക്കു)വേണ്ടി ആലുവ, മുണ്ടക്കയം, കൊല്ലം, തിരുവനന്തപുരം എന്നീ കേന്ദ്രങ്ങളിൽനിന്നും 1982 അടിസ്ഥാനവർഷമായുള്ള വിലസൂചിക കണക്കാക്കുന്നതിനുള്ള നിർദ്ദിഷ്ട സാധനങ്ങളുടെ വാരാന്ത്യ വിലകൾ ശേഖരിച്ച് അയച്ചുകൊടുത്തുവരുന്നു.

1982 അടിസ്ഥാന വർഷമായി ലേബർ ബ്യൂറോ വ്യാവസായിക തൊഴിലാളികൾക്കുവേണ്ടി പ്രസിദ്ധംചെയ്യുന്ന ഉപഭോക്തൃ വിലസൂചിക ആവശ്യപ്പെടുന്ന മുറയ്ക്ക് സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല, സ്വകാര്യമേഖല, വ്യക്തികൾ എന്നിവയ്ക്ക് അയച്ചുകൊടുക്കുന്നു.

എല്ലാ താലൂക്കുകളിൽ നിന്നും ഭക്ഷ്യസാധനങ്ങളുടെയും അത്യാവശ്യസാധനങ്ങളുടെയും കമ്പോളവില ശേഖരിച്ച് ആരോഗ്യം, നാട്ടു ചികിത്സ, ഹോമിയോ, ജയിൽ, ഇ. എസ്. ഐ, സാമൂഹ്യക്ഷേമം, മൃഗശാല തുടങ്ങിയ വിവിധ ഡിപ്പാർട്ടുമെൻറുകൾക്ക് ആവശ്യമായ ദർഘാസ് കരാറുകൾ തീർപ്പ് കല്പിക്കുന്നതിനുവേണ്ടി നല്കിവരുന്നു. ഭക്ഷ്യ സാധനങ്ങളുടെ ശേഖരണം റിപ്പോർട്ടു വർഷത്തിലെ ജനുവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ എന്നീ നാലു ത്രൈമാസത്തിൻേറയും ആദ്യവെള്ളിയാഴ്ച നടത്തിയിട്ടുണ്ട്. കൂടാതെ ഓരോ വകുപ്പിനും ആവശ്യമായ നിർദ്ദിഷ്ട സാധനങ്ങളുടെ കമ്പോളവില റിപ്പോർട്ട് വർഷത്തിൽ ജനുവരി മാസം ശേഖരിച്ച് നൽകി. പ്രസ്തുത വിവരങ്ങൾ ജില്ലാ മെഡിക്കൽ ഓഫീസുകൾ, ആരോഗ്യവകുപ്പ് ഡയറക്ടറേററ്, മെഡിക്കൽ ഓഫീസുകൾ, മെഡിക്കൽ കോളജുകൾ, ക്ഷയരോഗാശുപത്രികൾ കുഷ്ഠരോഗാശുപത്രികൾ, ഇ. എസ്. ഐ. ആശുപത്രികൾ, ജയിൽ ഇൻസ്പെക്ടർ ജനറൽ, പട്ടാളമേധാവികളുടെ ആഫീസുകൾ മാനസികാശുപത്രികൾ തുടങ്ങിയവക്ക് അയച്ചുകൊടുത്തുവരുന്നു. കൂടാതെ വിലവിവരങ്ങൾ എല്ലാ സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും അവയുടെ അപേക്ഷാനുസരണം അയച്ചുകൊടുക്കുന്നു.

ആയുർവേദ കോളേജുകളുടെ ആവശ്യപ്രകാരം ആയുർവേദ മരുന്നുകൾ ഉണ്ടാക്കുന്നതിനാവശ്യമായ ഇലകൾ, ഫലങ്ങൾ, വേരുകൾ, ക്ഷാരങ്ങൾ തുടങ്ങിയവയുടെ കമ്പോളവില ശേഖരിച്ചു കൊടുത്തുവരുന്നു.

<u>വന വിഭവങ്ങളുടെ വില ശേഖരിക്കൽ</u>.—കൊല്ലം, കോട്ടയം, എറണാകുളം കോഴിക്കോട് മുതലായ കേന്ദ്രങ്ങളിൽ നിന്നും 18 ഇനം വനവിഭവങ്ങളുടെ വില ശേഖരിച്ച് സൂക്ഷ്മ പരിശോധന നടത്തി ക്രോഡീകരിച്ച് 3 മാസത്തിൽ ഒരിക്കൽ ഫോറസ്ററ് ഡിപ്പാർട്ടുമെൻറിന് നൽകിവരുന്നു.

<u>മാർക്കററ് ഇൻറലിജൻസ് പദ്ധതി</u>.—കമ്പോള വിലനിലവാരം, കമ്പോള വരവ് തുടങ്ങിയവയെപ്പററിയുള്ള വിവരങ്ങൾ പ്രാഥമിക ഉല്പാദകർക്ക് കൃത്യസമയത്ത് നല്കുകയെന്നതാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശം.

കേരളത്തിലെ പ്രധാനപ്പെട്ട 38 വ്യാപാര കേന്ദ്രങ്ങളിൽ ഈ പദ്ധതി നിലവിലുണ്ട്. ഈ പദ്ധതിയനുസരിച്ച് അതാതു ജില്ലകളിൽ ഡെപ്യൂട്ടി ഡയറക്ടർമാരും സ്ററാററിസ്ററിക്കൽ ഓഫീസർമാരും തിരുവനന്തപുരത്തും കോഴിക്കോടും രണ്ടു റീജിയണൽ ഓഫീസർമാരും മേൽനോട്ടം വഹിക്കുന്നു. ഇടുക്കി, പത്തനംതിട്ട, വയനാട്, കാസർകോട് ഒഴിച്ചുള്ള എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ചങ്ങനാശ്ശേരി, കൊച്ചി എന്നീ കേന്ദ്രങ്ങളിലും വില ശേഖരണ പ്രവർത്തനം അതിനുവേണ്ടി നിയമിച്ചിട്ടുള്ള പ്രൈസ് ഇൻസ്പെക്ടർമാർ നിർവഹിച്ചുവരുന്നു. അതേ സമയം കടയ്ക്കൽ, ഇരിങ്ങാലക്കുട, കൊടുങ്ങല്ലൂർ, കുന്നുംകുളം, വളപട്ടണം എന്നിവിടങ്ങളിൽ 5 ഫുൾടൈം പ്രൈസ് റിപ്പോർട്ടർമാരും ബാക്കി കേന്ദ്രങ്ങളിൽ താലൂക്ക് സ്ററാററിസ്ററിക്കൽ ഓഫീസിലുള്ള ഇൻവെസ്ററിഗേററർമാരും ഈ കൃത്യനിർവഹണത്തിൽ ഏർപ്പെട്ടിരിക്കുന്നു.

തിരുവനന്തപുരം മേഖലയിൽ 27-ഉം കോഴിക്കോട് മേഖലയിൽ 11-ഉം കേന്ദ്രങ്ങളിൽ കമ്പോള നിലവാരബുള്ളററിൽ തയ്യാറാക്കി ദിവസേന ആകാശ വാണിയുടെ തിരുവനന്തപുരം, കോഴിക്കോട് നിലയങ്ങളിൽ കൂടി ഗ്രാമരംഗ ത്തിലോ കാർഷികരംഗത്തിലോ ഉൾപ്പെടുത്തി പ്രക്ഷേപണം ചെയ്തുവരുന്നു.

പ്രതിവാര കമ്പോള നിലവാരാവലോകനം.—തെരഞ്ഞെടുക്കപ്പെട്ട കേന്ദ്ര ങ്ങളിലെ പ്രധാനപ്പെട്ട കാർഷിക വിഭവങ്ങളുടെ കമ്പോള നിലവാരാവലോകനം എല്ലാ ഞായറാഴ്ചയും വൈകുന്നേരം ആകാശവാണിയിലൂടെ മലയാളത്തിൽ പ്രക്ഷേപണം ചെയ്തുവരുന്നു.

അരിയുടെ തുറന്ന കമ്പോളവിലയെക്കുറിച്ചുള്ള പ്രതിദിന റിപ്പോർട്ട്.— എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും നിലവിലുള്ള അരിയുടെ പരസ്യ കമ്പോള വിലയെക്കുറിക്കുന്ന ദിനംപ്രതിയുള്ള റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാ രിനും സംസ്ഥാന റവന്യൂബോർഡിലെ സിവിൽ സപ്ലൈസ് അധികൃതർക്കും അയച്ചുവരുന്നു. ഇതു കൂടാതെ പാലക്കാട് കേന്ദ്രത്തിലെ അരിയുടെ പരസ്യ കമ്പോളവിലയെക്കുറിച്ചുള്ള പ്രതിവാര റിപ്പോർട്ട് തയ്യാറാക്കി റിസർവ് ബാങ്കിന് നൽകുന്നു. ഇവയ്ക്കെല്ലാമുപരിയായി ഈ പദ്ധതി അനുസരിച്ച് മൊത്തവിലയെ സംബന്ധിക്കുന്ന പലവിധ വിവരങ്ങളും കേന്ദ്ര–സംസ്ഥാന ങ്ങൾക്ക് ആവശ്യാനുസരണം നൽകിവരുന്നു.

ഇൻഡക്സ് സീരിസ് വിഭാഗം (കാർഷികധന സംബന്ധം)

1. കാർഷികോല്പന്നങ്ങളുടെ മൊത്തവില സൂചിക.
2. കാർഷിക വിഭവങ്ങളിൽ നിന്നുള്ള വരുമാനവും അവയ്ക്കുവേണ്ടി വരുന്ന ചെലവും തമ്മിലുള്ള താരതമ്യപഠന സൂചിക.
3. കാർഷിക വേതന സൂചിക.
4. കാർഷിക മേഖലയെക്കുറിച്ചുള്ള ഏഴു സൂചികകൾ ഇത്തരത്തി ലുള്ള സൂചികകൾ തയ്യാറാക്കുന്നു.

കാർഷിക ഉൽപന്നങ്ങളുടെ മൊത്ത വിലസൂചിക.—1952-53 അടി സ്ഥാന വർഷമായി സ്വീകരിച്ച് സംസ്ഥാനത്തിലെ വിവിധ ഭാഗങ്ങളിലുള്ള കേന്ദ്രങ്ങളിൽ നിന്നും ശേഖരിക്കുന്ന കാർഷികോല്പന്നങ്ങളുടെ മൊത്തവിലയെ അടിസ്ഥാനമാക്കി എല്ലാമാസവും മൊത്തവിലസൂചിക തയ്യാറാക്കുന്നു.

കാർഷിക വിഭവങ്ങളിൽ നിന്നുമുള്ള വരുമാനവും അവയ്ക്കുവേണ്ടിവരുന്ന ചെലവുകളും തമ്മിലുള്ള താരതമ്യ പഠന സൂചിക.—കർഷകരുടെ സാമ്പ ത്തികനില, കാർഷികോല്പന്നങ്ങളുടെ വില, അവയ്ക്കു വേണ്ടിവരുന്ന ചെല വുകൾ, ഗാർഹികചെലവുകൾ, ഇവ 1952-53 അടിസ്ഥാന വർഷമാക്കി കണക്കാ ക്കിയതും കർഷകരുടെ ഇപ്പോഴുള്ള സാമ്പത്തിക നിലയും തമ്മിലുള്ള താരതമ്യം ഈ സൂചികയിൽ കൂടി കണക്കാക്കുന്നു. ഇതും പ്രതിമാസത്തിൽ തയ്യാറാക്കു ന്നതാണ്.

കാർഷിക വേതന സൂചിക.—സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട വിവിധ കേന്ദ്രങ്ങളിൽ നിന്നും ശേഖരിക്കപ്പെടുന്ന കാർഷിക വേതനത്തിന്റെ കണക്ക് ഇൻഡ്യാ ഗവൺമെന്റിന്റെ എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വിഭാഗത്തിന്റെ അഡൈ്വസർക്ക് അയച്ചുകൊടുക്കുകയും ഇതോടൊപ്പം തന്നെ കേരളാ ഗസററിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തുവരുന്നു.

കർഷകതൊഴിലാളികളുടേയും വിദഗ്ധ തൊഴിലാളികളുടേയും പ്രതിമാസ വേതന സൂചിക 1952-53 അടിസ്ഥാന വർഷമായി സ്വീകരിച്ച് തയ്യാറാക്കി കൃത്യമായി ഭാരത സർക്കാരിന് അയച്ചുകൊടുക്കുകയും ചെയ്യുന്നു.

വിളഭൂമിയുടെ വിസ്തൃതി, ഉല്പാദനം, കൃഷിചെയ്ത സ്ഥലത്തിൻെറ ഉല്പാദനക്ഷമത, വിളവ് നിരക്ക്, കൃഷിരീതി, വിളകളുടെ ഞെരുക്കം, ഏതെങ്കിലും തരത്തിൽ കൃഷിചെയ്തിട്ടുള്ള ഭൂമി എന്നിവയുടെ 1986-87 വരെയുള്ള സൂചികകൾ തയ്യാറാക്കി.

ഇതിനും പുറമേ ഈ വിഭാഗം മററു ചില പ്രധാനജോലികൾ കൂടി നിർവഹിച്ചിട്ടുണ്ട്. അവയിൽ ചിലത് ഇപ്രകാരമാണ്.

1. തൊണ്ടോടുകൂടി നാളികേരത്തിൻെറ പ്രതിവാര തോട്ടവില ശേഖരിച്ച് എറണാകുളം നാളികേര വികസനബോർഡ് ചെയർമാന് അയയ്ക്കുന്നു.

2. പ്രധാനപ്പെട്ട ഒൻപത് കാർഷികോൽപന്നങ്ങളുടെ വാർഷിക ശരാശരി വില തിട്ടപ്പെടുത്തി ഡൽഹിയിൽ എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് അഡ്വൈസർക്ക് അയച്ചുകൊണ്ടിരിക്കുന്നു.

3. കയറിൻെറയും, തൊണ്ടിൻെറയും പ്രതിവാര വില തയ്യാറാക്കി എറണാകുളത്തുള്ള കയർ ബോർഡ് സെക്രട്ടറിയേയും തിരുവനന്തപുരത്തുള്ള കയർ ഡവലപ്മെൻറ് ഡയറക്ടറേയും അറിയിച്ചുവരുന്നു.

4. കയറിൻെറ പ്രതിമാസ വിലനിലവാരം കേരളാ ഗസററിൽ പ്രസിദ്ധപ്പെടുത്തുവാൻ ഗവൺമെൻറിലേക്ക് അയയ്ക്കുന്നു.

5. കാർഷിക വിഭവങ്ങളുടെ വിലവിവരങ്ങൾ ആവശ്യപ്രകാരം പൊതുജനങ്ങൾക്ക് നൽകിവരുന്നു.

6. കേന്ദ്ര സർക്കാരിൻെറ കേന്ദ്രവ്യവസായ മന്ത്രാലയത്തിലെ എക്കണോമിക്സ് അഡ്വൈസർ പ്രസിദ്ധം ചെയ്തുവരുന്ന 1970-71 അടിസ്ഥാന വർഷമായുള്ള മൊത്ത വില സൂചിക (എല്ലാ സാധനങ്ങളുടേയും) ആവശ്യപ്പെടുന്നതനുസരിച്ച് സർക്കാർ, അർദ്ധസർക്കാർ പൊതു മേഖലാ സ്ഥാപനങ്ങൾ, വ്യക്തികൾ, കരാറുകാർ എന്നിവർക്ക് നല്കിവരുന്നു.

7. അരി, ഗോതമ്പ്, പഞ്ചസാര എന്നിവയുടെ പ്രതിവാര മൊത്ത വില ശേഖരിച്ച് ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ റീജിയണൽ മാനേജർക്ക് ആഴ്ചതോറും അയച്ചുവരുന്നു.

8. കെ. എൽ. ആർ. ആക്ററിലെ സെക്ഷൻ 43 പ്രകാരം ജില്ലാ കളക്ടർമാരുടെ അഭ്യർത്ഥനാനുസരണം എല്ലാ താലൂക്കിലേയും പ്രധാനപ്പെട്ട കാർഷികോല്പന്നങ്ങളുടെ പ്രതിമാസ ശരാശരി വില തിട്ടപ്പെടുത്തി ഓരോ മൂന്നു മാസത്തിലൊരിക്കൽ ജില്ലാ കളക്ടർമാർക്ക് നല്കിവരുന്നു.

കാർഷിക വിളകളുടെ വില

1. ഉപ്പിൻെറ പ്രതിവാര കമ്പോള മൊത്തവിലയും ചില്ലറ വിലയും ശേഖരിച്ച് മദ്രാസിൽ ഡെപ്യൂട്ടി സാൾട്ട് കമ്മീഷണർക്കും പ്രതിമാസ ശരാശരി വില തിട്ടപ്പെടുത്തി ജയ്പൂരിലെ സാൾട്ട് കമ്മീഷണർക്കും അയച്ചുകൊടുക്കുന്നു.

2. സുഗന്ധദ്രവ്യങ്ങളുടെ പ്രതിവാര കമ്പോളവില ശേഖരിച്ച് കോഴിക്കോട് സ്പൈസസ് ഡവലപ്പ്മെൻറ് ഡയറക്ടർക്കും, എറണാകുളത്തെ സ്പൈസസ് ബോർഡ് ചെയർമാനും അയച്ചുകൊടുക്കുന്നു.

3. കേരളത്തിലെ എല്ലാതാലൂക്കുകളിൽനിന്നും പ്രധാനപ്പെട്ട 27 (ഇരുപത്തേഴ്) കാർഷിക വിഭവങ്ങളുടെ പ്രതിമാസ ചില്ലറ വില ശേഖരിച്ച് ഏകീകരിച്ച് കേരള ഗസററിൽ തുടർച്ചയായി പ്രസിദ്ധപ്പെടുത്തിവരുന്നു.

സംസ്ഥാന വരുമാന വിഭാഗം

ഓരോ വർഷവും സംസ്ഥാന വരുമാന നിർണ്ണയത്തിന് ആവശ്യമായ വിവരങ്ങൾ ശേഖരിച്ച് ജില്ലാ തലത്തിലും സംസ്ഥാന തലത്തിലുമുള്ള മൊത്തവരുമാനം നിർണ്ണയിക്കുന്നു. കാലാകാലങ്ങളിൽ ലഭ്യമാകുന്ന കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി മുൻവർഷങ്ങളിലെ സംസ്ഥാന വരുമാനം പുനർനിർണ്ണയിക്കുകയും ചെയ്യുന്ന ഒരു വിഭാഗമാണ് സംസ്ഥാന വരുമാന വിഭാഗം. റിപ്പോർട്ട് വർഷത്തിലും ഇതിൻെറ പ്രവർത്തനങ്ങൾ തുടരുകയുണ്ടായി.

1980-81 അടിസ്ഥാന വർഷമായി കണക്കാക്കിയിട്ടുള്ള പുതിയ പരമ്പരയിൽ 1985-86, 1986-87 എന്നീ വർഷങ്ങളിലേക്കു കേന്ദ്രവും സംസ്ഥാനവും തയ്യാറാക്കിയ സ്റേറററുമെൻറുകളിലെ കണക്കുകൾ ഒത്തുനോക്കുന്നതിനുവേണ്ടി 21–8-1989 മുതൽ 3-8-1989 വരെ ഡൽഹിയിൽവച്ച് നടന്ന ചർച്ചയിൽ ഈ വിഭാഗത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ പങ്കെടുക്കുകയും അതിൻെറ അടിസ്ഥാനത്തിൽ എസ്ററിമേററിൽ ആവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്തു.

റിപ്പോർട്ടു വർഷത്തിൽ പുതിയ പരമ്പരയിൽ 1980-81 മുതൽ 1988-89 വരെയുള്ള ജില്ലാ സംസ്ഥാനതലത്തിലുള്ള മൊത്തവരുമാനവും, ആളോഹരി വരുമാനവും, ഇന്ത്യയിലെ മററു സംസ്ഥാനങ്ങളിലേയും ആളോഹരി വരുമാനം എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള റിപ്പോർട്ടു തയ്യാറാക്കുകയും പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി നടപടികൾ കൈക്കൊള്ളുകയും ചെയ്തു. കൂടാതെ 1980-81 മുതൽ 1985-86 വരെയുള്ള മൂലധന നിർണ്ണയം സംബന്ധിച്ചുള്ള ഒരു റിപ്പോർട്ട് പ്രസിദ്ധീകരണത്തിനു തയ്യാറാക്കുകയും അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

1987-88 സാമ്പത്തിക വർഷത്തിലെ സംസ്ഥാന സർക്കാർ ബഡ്ജററിനെ വകുപ്പുകളുടെ വരവു ചെലവിൻെറയും പ്രവർത്തനോദ്ദേശത്തിൻെറയും അടിസ്ഥാനത്തിൽ തരംതിരിച്ച് അപഗ്രഥിച്ച് റിപ്പോർട്ട് തയ്യാറാക്കി സെൻട്രൽ സ്ററാററിസ്ററിക്കൽ ഓർഗനൈസേഷന് അയച്ചുകൊടുത്തു.

1982-83 വർഷത്തിലെ മുൻസിപ്പാലിററികളിലേയും കോർപ്പറേഷനിലേയും ബഡ്ജററിൻെറ സാമ്പത്തിക തരംതിരിക്കൽ കണക്കു സംബന്ധിച്ചുള്ള റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

1980-81 മുതൽ 1988-89 വരെയുള്ള സംസ്ഥാന മൊത്തവരുമാനവും ആളോഹരി വരുമാനവും ചുവടെ ചേർക്കുന്നു.

| | അതാതുവർഷത്തിൽ | | അടിസ്ഥാനവർഷം (1980-86) | |
|---|---|---|---|---|
| | മൊത്തം വരുമാനം രൂപ ലക്ഷത്തിൽ | ആളോഹരി വരുമാനം രൂപ | മൊത്തം വരുമാനം രൂപ ലക്ഷത്തിൽ | ആളോഹരി വരുമാനം രൂപ |
| 1980-81 | 3,70,223 | 1463 | 3,70,223 | 1463 |
| 1981-82 | 3,92,957 | 1528 | 3,67,024 | 1428 |
| 1982-83 | 4,56,722 | 1745 | 3,74,782 | 1432 |
| 1983-84 | 5,35,958 | 2010 | 3,59,651 | 1349 |
| 1984-85 | 5,91,380 | 2178 | 3,81,866 | 1406 |
| 1985-86 | 6,22,320 | 2251 | 3,96,924 | 1436 |
| 1986-87 (താല്ക്കാലികം) | 7,09,927 | 2519 | 3,89,911 | 1348 |
| 1987-88 (താല്ക്കാലികം) | 7,87,323 | 2754 | 4,04,779 | 1416 |
| 1988-89 (ശീഘ്രകണക്ക്) | 8,86,977 | 3054 | 4,20,308 | 1447 |

## ജനസംഖ്യ പഠന വിഭാഗം

### ജനന-മരണ സ്ഥിതിവിവരം

കേരളത്തിലെ ജനനമരണ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് പ്രസിദ്ധീകരിക്കുന്ന ജോലി ഈ വർഷവും തുടർന്നുവരുന്നു.

സിവിൽ രജിസ്ട്രേഷൻ, പട്ടണപ്രദേശത്തെ സ്ഥിരതാമസക്കാരുടെ ജനന മരണ നിരക്ക് മൂലമുള്ള പഠനം (സ്പോട്ട് ചെക്ക് സർവേ), മരണ കാരണങ്ങൾ വ്യക്തമാക്കുന്നതിനുള്ള മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിൻമേലുള്ള പഠനം, മരണകാരണങ്ങളെ കുറിച്ച് ഗ്രാമപ്രദേശങ്ങളിൽ നടക്കുന്ന സർവേ എന്നീ പദ്ധതികളാണ് നടപ്പു വർഷത്തിലും തുടർന്നുവന്നത്.

### സിവിൽ രജിസ്ട്രേഷൻ

1969 ജനനമരണ രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് ജനനമരണങ്ങൾ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ രജിസ്റ്റർ ചെയ്തു. ജനനമരണങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ തയ്യാറാക്കി എല്ലാ മാസവും രജിസ്ട്രാർ ജനറൽ (ഇന്ത്യക്ക്) അയയ്ക്കുന്നു.

1984, 1985, 1986 എന്നീ വർഷങ്ങളിലെ രജിസ്റ്റർ ചെയ്ത ജനനമരണ നിരക്കുകൾ ചുവടെ ചേർക്കുന്നു.

| വർഷം | പട്ടണപ്രദേശം | | ഗ്രാമപ്രദേശം | | സംസ്ഥാനത്തിലെ മൊത്തം | |
|---|---|---|---|---|---|---|
| | ജനനം | മരണം | ജനനം | മരണം | ജനനം | മരണം |
| 1984 | 63.71 | 10.43 | 13.76 | 3.57 | 20.32 | 4.47 |
| 1985 | 66.04 | 10.84 | 14.65 | 3.98 | 21.38 | 4.88 |
| 1986 | 65.02 | 10.86 | 13.54 | 3.86 | 20.26 | 4.77 |

ജനനമരണ സ്ഥിതിവിവരക്കണക്കുകളെ അടിസ്ഥാനമാക്കി തയ്യാറാക്കുന്ന വാർഷിക റിപ്പോർട്ടും രജിസ്ട്രർ ജനറൽ (ഇന്ത്യക്ക്) അയയ്ക്കുകയുണ്ടായി. 1986-ലെ വാർഷിക റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായി.

വൈററൽ സ്ററാററിസ്ററിക്സ് ബുളളററിൻ ജോലികൾ തുടർന്നു വരുന്നു.

ജനനമരണ കാർഡുകൾ ടാബുലേററ് ചെയ്യുന്നതിനായി റിപ്പോർട്ടു വർഷം മെക്കാനിക്കൽ ടാബുലേഷൻ വിഭാഗത്തിൻെറ സേവനവും വിനിയോഗിക്കുകയുണ്ടായി.

(ബി) സ്പോട്ട് ചെക്ക് സർവേ

പട്ടണപ്രദേശങ്ങളിലെ സ്ഥിരതാമസക്കാർക്ക് ഉണ്ടാകുന്ന ജനനമരണങ്ങൾ കൃത്യമായി അറിഞ്ഞ് രേഖപ്പെടുത്തുന്നതിനുവേണ്ടിയാണ് ഈ സർവെ നടത്തുന്നത്.

സംസ്ഥാനത്തെ 3 കോർപ്പറേഷനുകളിലും തെരഞ്ഞെടുക്കപ്പെട്ട 30 മുൻസിപ്പാലിററികളിലും ഗുരുവായൂർ ററൗൺഷിപ്പിലും ഈ സർവെ നടത്തിക്കൊണ്ടിരിക്കുന്നു. ഇതിനുവേണ്ടി ഈ സ്ഥാപനങ്ങളിൽ യു. ഡി. കമ്പയിലർമാരെ നിയമിച്ചിട്ടുണ്ട്. മെഡിക്കൽ ഓഫീസർമാരുടെ സർട്ടിഫിക്കററിൻമേലുളള പഠനത്തിനായി 3 കോർപ്പറേഷനുകളിലും കൊല്ലം, ആലപ്പുഴ മുൻസിപ്പാലിററികളിലും ഓരോ ഡെപ്യൂട്ടി ഹെൽത്ത് ഓഫീസർ, റിസർച്ച് അസിസ്ററൻറ്, കമ്പയിലർ എന്നിവരെ നിയമിച്ചിട്ടുണ്ട്.

3 കോർപ്പറേഷനുകളിലും 30 മുൻസിപ്പാലിററികളിലും ഗുരുവായൂർ ററൗൺഷിപ്പിലും തെരഞ്ഞെടുക്കപ്പെട്ട വാർഡുകളിലെ വീടുകൾ സന്ദർശിച്ച് ജനനമരണ വിവരങ്ങൾ ശേഖരിക്കുന്നു. ഇതിൻെറ അടിസ്ഥാനത്തിൽ ഓരോ കോർപ്പറേഷനിലേയും മുൻസിപ്പാലിററിയിലെയും യഥാർത്ഥ ജനനമരണ നിരക്കുകൾ കണക്കാക്കിവരുകയും ചെയ്യുന്നു.

1987-ലെ വാർഷിക റിപ്പോർട്ടു തയ്യാറാക്കിയിട്ടുണ്ട്.

(സി) മരണകാരണങ്ങൾ വ്യക്തമാക്കുന്ന മെഡിക്കൽ ഓഫീസർമാരുടെ സർട്ടിഫിക്കററിൻമേലുളള പഠനം.

സംസ്ഥാനത്തിലെ 3 കോർപ്പറേഷനുകളിലും കൊല്ലം, ആലപ്പുഴ മുൻസിപ്പാലിററികളിലുമാണ് ഈ പദ്ധതി നടപ്പാക്കിയിരിക്കുന്നത്.

ഡെപ്യൂട്ടി ഹെൽത്ത് ഓഫീസറുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നതിനാൽ നടപ്പുവർഷം തിരുവനന്തപുരം കോർപ്പറേഷനിലും കൊല്ലം, ആലപ്പുഴ എന്നീ മുൻസിപ്പാലിററികളിലും ഇതിനെ സംബന്ധിച്ചുളള ജോലികൾ പുരോഗമിച്ചിട്ടില്ല.

(ഡി) മരണകാരണങ്ങളെപ്പററിയുളള പഠനം

ഗ്രാമപ്രദേശങ്ങളിലുണ്ടാകുന്ന മരണങ്ങളേയും അതിന്റെ കാരണങ്ങളെയും പററി വിവരങ്ങൾ ശേഖരിച്ച് പഠനം നടത്തുന്നതിനുവേണ്ടിയുളള പദ്ധതിയാണിത്.

സംസ്ഥാനത്തെ വിവിധ ജില്ലകളിൽനിന്നുമായി തെരഞ്ഞെടുക്കപ്പെട്ട 50 പ്രൈമറി ഹെൽത്ത് സെൻററിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുളളത്.

ഈ സർവേക്കുവേണ്ടിയുളള വിവരങ്ങൾ ആരോഗ്യവകുപ്പിലെ പാരാമെഡിക്കൽ ജീവനക്കാർ ശേഖരിക്കുന്നു. സെൻസസ് ഡയറക്ടറേററിലെ സൂപ്പർവൈസർ അവർക്കുവേണ്ട നിർദ്ദേശങ്ങൾ നല്കിവരുന്നു. റിപ്പോർട്ടു വർഷത്തിലും വാർഷിക പരിശീലന പരിപാടി നടക്കുകയുണ്ടായി. മേൽപ്പറഞ്ഞ ആരോഗ്യ കേന്ദ്രങ്ങളിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ എല്ലാമാസവും രജിസ്ട്രാർ ജനറൽ (ഇന്ത്യക്ക്) റിപ്പോർട്ട് ചെയ്യുന്നു.

സാമ്പിൾ രജിസ്ട്രേഷൻ പദ്ധതികൾ—ഗ്രാമപ്രദേശങ്ങളിൽ

സിവിൽ രജിസ്ട്രേഷനിൽ ഉണ്ടാകുന്ന അപാകതകൾ നിമിത്തം കൃത്യവും വിശ്വസനീയവുമായ പ്രതിവർഷ ജനസംഖ്യാ വർദ്ധനവ് കണക്കുകൾ ലഭ്യമാകാതെ വന്നപ്പോൾ രജിസ്ട്രാർ ജനറൽ(ഇന്ത്യ) ഒരു പൊതു നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്ന ഒരു പദ്ധതിയാണിത്. കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 150 ഗ്രാമപ്രദേശങ്ങളിൽ മാത്രമാണ് ഈ കണക്കെടുപ്പ് നടക്കുന്നത്.

തെരഞ്ഞെടുക്കപ്പെട്ട 150 സാമ്പിളുകളിലും എന്യൂമറേററർമാർ ജനനവും മരണവും രജിസ്ററർ ചെയ്യുകയും മാസാന്ത്യം, ത്രൈമാസികം എന്നീ റിപ്പോർട്ടുകൾ അയച്ചുതരുകയും അതനുസരിച്ചുളള റിപ്പോർട്ട് രജിസ്ട്രാർ ജനറൽ (ഇന്ത്യക്ക്) അയച്ചുകൊടുക്കുകയും ചെയ്യുന്നു.

നടപ്പു വർഷത്തിൽ 47-മതും 48-മതും അർദ്ധ വാർഷിക സർവേയുടെ ഫലങ്ങൾ പരിശോധിച്ച് ഈ കാലയളവിനുളളിൽ അയച്ചുകൊടുത്തിട്ടുണ്ട്.

1978-ലെ വാർഷിക റിപ്പോർട്ടു തയാറാക്കുകയുണ്ടായിട്ടുണ്ട്.

സംസ്ഥാനത്തൊട്ടാകെ 23 സാമ്പിളുകളിൽ 1988-ലെ ജനന-മരണങ്ങൾ കൃത്യമായി രജിസ്ററർ ചെയ്യുന്നതിന് ഒരു ഊർജിത അന്വേഷണ പരിപാടി ഉയർന്ന ഉദ്യോഗസ്ഥൻമാരെക്കൊണ്ട് നടത്തിക്കുകയും അതിലൂടെ 28 ജനനവും 4 മരണവും പുതുതായി കണ്ടുപിടിക്കുകയുമുണ്ടായി.

1987-ലെ റിപ്പോർട്ടിലെ ജനന-മരണ നിരക്കുകൾ

| | |
|---|---|
| ജനന നിരക്ക് | 12.51 |
| മരണ നിരക്ക് | 6.09 |
| ശിശു മരണ നിരക്ക് | 27.02 |

വ്യവസായ ഉല്പാദന സൂചികാവിഭാഗം

1. വ്യവസായ ഉല്പാദന സൂചിക :— സംസ്ഥാനത്തെ വ്യവസായ പുരോഗതികണക്കാക്കുവാൻ വാർഷിക ഉല്പാദന സൂചിക കണക്കാക്കുന്നു. 24-7-1975-ലെ കേരളസർക്കാരിന്റെ നമ്പർ, 280/75 പ്ലാനിംഗ് പ്രകാരമാണ് ഈ സൂചിക തയ്യാറാക്കാൻ തുടങ്ങിയത്. സെൻട്രൽ സ്ററാററിസ്ററിക്കൽ ഓർഗനൈസേഷൻ ഈ സൂചിക തയ്യാറാക്കുവാനുള്ള നിർദ്ദേശങ്ങൾ നല്കിക്കൊണ്ടിരിക്കുന്നു. ത്രൈമാസിക ഉല്പാദനസൂചികകൾ തയ്യാറാക്കി വാർഷികമായി പ്രസിദ്ധീകരിക്കുന്നു.

പൊതുസൂചിക 1970-ൽ 100 എന്ന അടിസ്ഥാനത്തിലാണ് 1975 മുതൽ ഈ സൂചിക തയ്യാറാക്കിക്കൊണ്ടിരിക്കുന്നത്.

പൊതു സൂചിക 1980-ൽ 100 എന്ന അടിസ്ഥാനത്തിലാണ് 1988-89-ലെ ഉല്പാദന സൂചിക തയ്യാറാക്കുന്നത്.

സൂചനാവർഷം 31-3-88-ലെ ത്രൈമാസികാ റിപ്പോർട്ട് ക്രോഡീകരിച്ചു. 1987-88 ലെ വാർഷിക റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. പുതിയ സൂചിക അനുസരിച്ച് 1988-89-ലെ വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിനു വേണ്ടി ത്രൈമാസിക ഉല്പാദന സൂചിക തയ്യാറാക്കിയിരിക്കുന്നു.

2. കയററുമതി—ഇറക്കുമതി :— കടൽമാർഗ്ഗം വിദേശരാജ്യങ്ങളുമായി നടത്തുന്ന കയററുമതി-ഇറക്കുമതിയുടെ ദൈനംദിന സ്ഥിതിവിവരക്കണക്കുകൾ കസ്ററംസ് കളക്ടറുടെ ഓഫീസിൽ നിന്നും ശേഖരിച്ച് ക്രോഡീകരിച്ച് വാർഷിക റിപ്പോർട്ടുകളായി പ്രസിദ്ധീകരിക്കുന്നു. പോയവർഷം 1987-88-ലെ കേരളസംസ്ഥാനത്തിലെ കടൽമാർഗ്ഗം നടത്തിയ കയററുമതി-ഇറക്കുമതിയെ സംബന്ധിച്ചുള്ള വിവരങ്ങൾ സമാഹരിക്കുന്നതിനുള്ള പ്രാരംഭജോലികൾ ആരംഭിക്കുകയും ചെയ്തു.

3. വ്യവസായ ഉല്പന്ന മൊത്ത വില നിലവാര സൂചിക :— വ്യവസായ ഉല്പന്നങ്ങളുടെ മൊത്ത വിലയിൽ ഉണ്ടായിട്ടുള്ള മാററങ്ങൾ കണക്കാക്കാൻ മൊത്ത വിലനിലവാര സൂചിക കണക്കാക്കുന്നു. പ്രതിമാസ വില ശേഖരിച്ച് വാർഷിക ശരാശരി തയ്യാറാക്കി മൊത്ത വിലനിലവാര സൂചികയായി പ്രസിദ്ധീകരിക്കുന്നു. സംഘടിതവും അസംഘടിതവുമായ മേഖലകളിലെ വിലകൾ പ്രത്യേകം പ്രത്യേകം തയ്യാറാക്കി പ്രസിദ്ധീകരിച്ചുവരുന്നു. സൂചനാവർഷം 1988-89-ലെ മൊത്ത വിലനിലവാര സൂചിക തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

ഇവാല്യുവേഷൻ വിഭാഗം

മണ്ണൊലിപ്പു തടയുന്ന പദ്ധതി അനുസരിച്ച് ധനസഹായം ലഭിച്ചവരുടെ ധനവിനിയോഗം, ഉല്പാദന നിരക്കിലുണ്ടായിട്ടുള്ള മാററം, അധികമായി കൃഷിയോഗ്യമാക്കിയ ഭൂമിയുടെ വിസ്തൃതി മുതലായവയെക്കുറിച്ച് പഠനം നടത്തുകയുണ്ടായി. ഇതിനുവേണ്ടി കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നും രണ്ടു മുതൽ നാലു വരെ സാമ്പിളുകൾ തെരഞ്ഞെടുത്തു. തിരുവനന്തപുരം ജില്ലയുടെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളുടെ റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരണത്തിന് വേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇടുക്കി ജില്ലയുടെ റിപ്പോർട്ടിന്റെ കരടുരൂപം തയ്യാറാക്കി. തൃശ്ശൂർ ജില്ലയുടെ റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. പാലക്കാട് ജില്ലയിലെ

കൃണ്ട പ്രോജക്ടിന്റെ നാലു സാമ്പിളുകൾ തെരഞ്ഞെടുത്ത്, 1986-87-ലെ വിവരങ്ങൾ ശേഖരിച്ച് അപഗ്രഥനം നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. ഈ പ്രോജക്ടിന്റെതന്നെ രണ്ടു സ്കീമുകൾ തെരഞ്ഞെടുത്ത് വിവരങ്ങൾ ശേഖരിക്കുന്നതിനുവേണ്ടി നടപടി സ്വീകരിച്ചു.

1988-89-ലെ സ്ഥിതിവിവരക്കണക്ക് ശേഖരിക്കുവാനായി 1980 ഡിസംബറിനുശേഷം പൂർത്തിയായിട്ടുള്ള മണ്ണുസംരക്ഷണ പദ്ധതികൾ തെരഞ്ഞെടുത്ത് വയനാട് ജില്ല ഒഴികെ എല്ലാ ജില്ലകൾക്കും അയച്ചുകൊടുത്തിട്ടുണ്ട്.

## നാഷണൽ സാമ്പിൾ സർവേ വിഭാഗം

ഇൻഡ്യാ ഗവൺമെന്റിന്റെ നാഷണൽ സാമ്പിൾ സർവെ ഓർഗനൈസേഷൻ ആസൂത്രണത്തിനും ഭരണപരമായ ആവശ്യങ്ങൾക്കുമായി രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയുടെ വിവിധ വശങ്ങളെ സംബന്ധിക്കുന്ന സാമൂഹിക-സാമ്പത്തിക വിവരങ്ങൾ ശേഖരിക്കുന്നതിന് നടത്തിവരുന്ന സാമ്പിൾ സർവെ ഈ വർഷത്തിലും തുടരുകയുണ്ടായി. കേരളത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട സാമ്പിൾ വില്ലേജുകളിലും ടൗണുകളിലും നാഷണൽ സാമ്പിൾ സർവെ ഓർഗനൈസേഷനും ഈ ഡയറക്ടറേററും ചേർന്ന് ഒപ്പത്തിനൊപ്പം സാമ്പിളുകളിൽ സർവേ നടത്തിവരുന്നു.

1988 ജൂലൈമാസം ആരംഭിച്ച് 1989 ജൂണിൽ അവസാനിക്കുന്ന 44–ാം വട്ടം സർവേയിൽ പ്രധാനമായി, പട്ടികവർഗ്ഗക്കാരുടെ ജീവിത സാഹചര്യങ്ങൾ, സാമ്പത്തിക പ്രശ്നങ്ങൾ പട്ടികവർഗ്ഗ അധിനിവേശ പ്രദേശങ്ങളിൽ പട്ടികവർഗ്ഗക്കാരല്ലാത്തവരുടെ കുടിയേററം തുടങ്ങിയ വിവരങ്ങൾ പ്രധാനമായി ശേഖരിച്ചു. കൂടാതെ വിദ്യാഭ്യാസം, തൊഴിൽനില, ആരോഗ്യ പരിപാലനം, ജനന-മരണങ്ങൾ, ഗാർഹിക ഉപയോഗം, ക്രിയാത്മകപ്രക്രിയകൾ, മുതലായവയെക്കുറിച്ചുള്ള വിവരങ്ങളും ശേഖരിച്ചു. ജീവിതസാഹചര്യങ്ങളറിയുന്നതിനുവേണ്ടി താമസ സൗകര്യം വീടിന്റെ പരിസര യോഗ്യത, കെട്ടിടനിർമ്മാണം അവയുടെ പുതുക്കൽ, കൂട്ടിച്ചേർക്കൽ തുടങ്ങിയ വിവരങ്ങൾ ശേഖരിച്ചു.

1989 ജൂലൈമാസത്തിൽ 45-ാംവട്ടം സർവേ ആരംഭിച്ചു. 1948-ലെ ഫാക്ടറി ആക്ടിൻ പ്രകാരം രജിസ്ററർ ചെയ്യാത്ത അസംഘടിത മേഖലയിലെ കാർഷികേതര വ്യവസായ യൂണിററുകളെ സംബന്ധിച്ചുള്ളതാണ് 45-ാം വട്ടം സർവേ.

ഓരോ വർഷവും ഈ സർവേകൾ ആരംഭിക്കുന്നതിനു മുമ്പായി അതാതു സർവേകളെപ്പററി പരിശീലന ക്ലാസുകൾ നടത്തുന്നു. 45-ാമതു സർവേ സംബന്ധിച്ച് തൃശ്ശൂരിൽ വെച്ച് 3 ദിവസം നീണ്ടുനിന്ന പരിശീലന പരിപാടികൾ നടത്തുകയും ജില്ലകളിലെ ഡെപ്യൂട്ടി ഡയറക്ടർ, ഡിസ്ട്രിക്ട് ഓഫീസർ, സ്ററാററിസ്ററിക്കൽ ഇൻസ്പെക്ടർ, ഇൻവെസ്ററിഗേററർ എന്നിവരെ പങ്കെടുപ്പിക്കുകയുണ്ടായി.

36-ാം വട്ടം സർവേയിൽ ശേഖരിച്ച വിവരങ്ങളെ ആസ്പദമാക്കി അംഗവൈകല്യമുള്ളവരെക്കുറിച്ചുള്ള റിപ്പോർട്ട് നാഷണൽ സാമ്പിൾ സർവേ(എൻ. എസ്. എസ്. ഒ.) യുടെ ഗവേണിംഗ് കൗൺസിലിന്റെ അംഗീകാരത്തോടുകൂടി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നു.

38-ാമതു തവണ നടത്തിയ സർവേ സംബന്ധിച്ച് നടത്തിയ പഠനത്തിൽ നിന്നും ഗാർഹിക ചിലവിനങ്ങളെ സംബന്ധിച്ചുള്ള റിപ്പോർട്ട് പൂർത്തിയായി. അതിനോടനുബന്ധിച്ചുള്ള തൊഴിലും-തൊഴിയില്ലായ്മയും സംബന്ധിച്ചുള്ള റിപ്പോർട്ടിന്റെ ജോലികൾ നടന്നുകൊണ്ടിരിക്കുന്നു.

## ഡിവിഷൻ ഓഫ് സർവേ ആൻറ് സ്ററഡീസ് വിഭാഗം

കേരളത്തിലെ കയർ തൊഴിലാളികളെക്കുറിച്ചുള്ള 1989-90-ൽ നടത്തിയ സെൻസസിന് ഷെഡ്യൂൾ രൂപകല്പന ചെയ്യുകയും ലഭിച്ച വിവരങ്ങൾ ക്രോഡീകരിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കി ജില്ലാ ഓഫീസുകളിലേക്ക് അയയ്ക്കുകയും ചെയ്തു. കയർ സർവേ സംബന്ധമായ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് വേണ്ട ടേബിളുകൾ തയ്യാറാക്കുകയും കരട് റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തു.

സംസ്ഥാനത്തെ പാരലൽ/ട്യൂട്ടോറിയൽ കോളേജുകളെ സംബന്ധിച്ചുള്ള പഠനം നടത്തുന്നതിനുവേണ്ടി സ്കീം തയ്യാറാക്കി സർക്കാരിനു സമർപ്പിച്ചു.

സ്കൂൾ കുട്ടികൾ സ്വകാര്യ ട്യൂഷനിൽ പങ്കെടുക്കുന്നതിനെ സംബന്ധിച്ച പഠനം നടത്തുന്നതിനു വേണ്ടി ഒരു ഡ്രാഫ്ററ് സ്കീം തയ്യാറാക്കി ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷന് അയയ്ക്കുകയും ചെയ്തു.

## ഔദ്യോഗിക ഭാഷാ വിഭാഗം

ഭരണതലത്തിൽ ഔദ്യോഗിക ഭാഷ മലയാളമാക്കുക എന്ന സർക്കാർ നയം ഈ വകുപ്പിലും നടപ്പിലാക്കുകയെന്നതാണ് ഈ വിഭാഗത്തിലെ പ്രധാന ചുമതല. ഔദ്യോഗിക ഭാഷ മലയാളമാക്കുന്നതു സംബന്ധിച്ച് സർക്കാരിൽ നിന്നും കാലാകാലങ്ങളിൽ നല്കുന്ന നിർദ്ദേശങ്ങളും ഉത്തരവുകളും ഈ വകുപ്പിൻെറ വിവിധ തലങ്ങളിൽ എത്തിച്ചുകൊടുക്കുകയും താലൂക്ക്, ജില്ല, ഡയറക്ടറേററ് തലങ്ങളിൽ മലയാളമാക്കുന്നതു സംബന്ധിച്ച് ലഭിക്കുന്ന പുരോഗതിയുടെ വാർഷിക റിപ്പോർട്ട് തയ്യാറാക്കി സർക്കാരിനു സമർപ്പിക്കുക തുടങ്ങിയവയാണ് ഈ വിഭാഗത്തിലെ പ്രധാന ചുമതലകൾ.

റിപ്പോർട്ടു വർഷത്തിൽ ജില്ലാ-താലൂക്ക് തലങ്ങളിൽ മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിൽ ഗണ്യമായ പുരോഗതി നേടിയിട്ടുണ്ട്. ഈ വകുപ്പ് ഒരു സാങ്കേതിക വകുപ്പായതിനാലും കേന്ദ്ര സർക്കാർ ആവിഷ്കരിക്കുന്ന പല പദ്ധതികൾ നടപ്പിലാക്കേണ്ടതുകൊണ്ടും ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളമാക്കാൻ വിഷമമുണ്ട്.

## ഏകോപന വിഭാഗം

വിവിധ വകുപ്പുകളിൽ പ്രവർത്തിക്കുന്ന സ്ററാററിസ്ററിക്കൽ വിഭാഗങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുക, വിലയിരുത്തുക, പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ നല്കുക എന്നിവയാണ് ഈ വിഭാഗത്തിൻെറ ചുമതല.

നടപ്പുവർഷത്തിൽ വിവിധ വകുപ്പുകളിലെ സ്ററാററിസ്ററിക്കൽ വിഭാഗം മേധാവികളുടെ യോഗം ഡയറക്ടറുടെ സാന്നിദ്ധ്യത്തിൽ 1989 ആഗസ്ററ് മാസം 16, 17, 18, 19 തീയതികളിൽ ഡയറക്ടറേററിൽ വെച്ച് കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിൽ വിവിധ വകുപ്പുകളിലെ പ്രവർത്തനങ്ങളെപ്പററി വിശദീകരിക്കുകയും ഭാവിപ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുവാൻ വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുകയും അവ ചർച്ചചെയ്തു തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

തൊഴിൽ സ്ഥിതിവിവരക്കണക്കു വിഭാഗം

1948-ലെ ഫാക്ടറി നിയമപ്രകാരം 1987-ൽ രജിസ്ററർ ചെയ്ത ഫാക്ടറികളിൽ നിന്നുള്ള വാർഷിക കണക്കു പത്രികകളും അവയെ സംബന്ധിച്ചുള്ള മററു വിവരങ്ങളും ശേഖരിച്ച് സൂക്ഷ്മപരിശോധനയ്ക്കു ശേഷം സമാഹരിച്ച വാർഷിക റിപ്പോർട്ടും ബന്ധപ്പെട്ട സ്റേറററുമെൻറുകളും തയ്യാറാക്കുകയാണ് ഈ വിഭാഗത്തിൻെറ ചുമതല. ക്രോഡീകരിച്ച വിവരങ്ങൾ കൃത്യമായി സിംലയിലെ ലേബർ ബ്യൂറോയ്ക്ക് അയച്ചുകൊടുക്കുന്നു. 1987-ൽ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഫാക്ടറികളുടെ എണ്ണം 11982 ആയിരുന്നു. ഇതു മുൻവർഷത്തേക്കാൾ 452 കൂടുതലാണ്. അതായത് 1986-നെ അപേക്ഷിച്ച് 1987-ൽ ഏകദേശം 3.9 ശതമാനം വർദ്ധനവുണ്ടായി. 1987-ൽ ജോലിക്കാരുടെ എണ്ണം 1986-നെ അപേക്ഷിച്ച് നേരിയ വർദ്ധനവേ ഉണ്ടായിട്ടുള്ളു. 1986-ൽ 2.93 ലക്ഷം തൊഴിലാളി ഉണ്ടായിരുന്നത് 1987-ൽ 2.99 ലക്ഷം ആയി വർദ്ധിച്ചു.

1936-ലെ വേതന വിതരണനിയമമനുസരിച്ച് 1987-ൽ പ്രതിമാസം 1600 രൂപയ്ക്കു താഴെ വരുമാനമുള്ള തൊഴിലാളികൾക്കു ലഭിക്കുന്ന വേതനത്തിൻേറയും അവരിൽനിന്നും ഈടാക്കുന്ന തുകയുടേയും വിശദമായ വിവരങ്ങൾ ഡയറക്ടറേററ് ഓഫ് ഫാക്ടറീസ് ആൻറ് ബോയിലേഴ്സിൽ നിന്നും ശേഖരിച്ച് സൂക്ഷ്മപരിശോധനയ്ക്കുശേഷം 1987-ലെ വാർഷിക സ്റേറററുമെൻറ് തയ്യാറാക്കി സിംലയിലെ ലേബർ ബ്യൂറോയ്ക്ക് അയച്ചുകൊടുക്കുന്നു. അതുപോലെ പ്രസ്തുത ആക്ട് പ്രകാരം വിവിധ പ്ലാൻേറഷനുകളിൽ ജോലി ചെയ്യുന്ന പ്രതിമാസം 1600 രൂപയിൽ താഴെ വരുമാനമുള്ള തൊഴിലാളികൾക്കു ലഭിക്കുന്ന വേതനത്തിൻേറയും അവരിൽനിന്നും ഈടാക്കുന്ന തുകയുടേയും 1988 വർഷത്തെ വിവരങ്ങൾ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാൻേറഷൻ ഓഫീസിൽ നിന്നും ശേഖരിച്ച് സിംലയിലെ ലേബർ ബ്യൂറോയ്ക്ക് അയയ്ക്കുന്നു.

ജില്ലാ ലേബർ ഓഫീസുകളിൽ നിന്നും ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ ഫാക്ടറികളിലും മററു സ്ഥാപനങ്ങളിലും ഉണ്ടായിട്ടുള്ള പണിമുടക്കം, ലോക്കൗട്ട് തുടങ്ങിയവയെ സംബന്ധിച്ച് വിശദവിവരങ്ങൾ ഉൾക്കൊള്ളിച്ച് പ്രതിമാസ റിപ്പോർട്ടുകൾ തയ്യാറാക്കി ലേബർ ബ്യൂറോയ്ക്ക് അയക്കുന്നു.

1961-ലെ പ്രസവാനുകൂല്യങ്ങൾ നിയമപ്രകാരം ഫാക്ടറികളിലേയും തോട്ടങ്ങളിലേയും വനിതാ ജീവനക്കാർക്ക് കൊടുത്തിട്ടുള്ള ആനുകൂല്യങ്ങളെ സംബന്ധിച്ചുള്ള 1988-ലെ റിപ്പോർട്ട് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

1948-ലെ ഫാക്ടറി നിയമപ്രകാരം രജിസ്ററർ ചെയ്ത ഫാക്ടറികളിൽ നിന്നും 1988-ൽ ജൂൺ മാസം 30-ന് അവസാനിക്കുന്ന അർദ്ധ വാർഷിക കണക്കുകൾ ശേഖരിച്ച് പഠനം നടത്തി സ്ഥിതിവിവരപ്പട്ടികകൾ തയ്യാറാക്കി കൊണ്ടിരിക്കുന്നു.

1948 ഫാക്ടറി നിയമപ്രകാരം രജിസ്ററർ ചെയ്ത ഫാക്ടറികൾ 1988-ൽ ഡയറക്ടർ, ഫാക്ടറീസ് ആൻറ് ബോയിലേഴ്സിനു സമർപ്പിച്ച വാർഷിക കണക്ക് പത്രികകളുടെ അടിസ്ഥാനത്തിൽ സ്ഥിതിവിവരപ്പട്ടികകൾ സിംലയിലെ ലേബർബ്യൂറോയ്ക്ക് കൊടുക്കുവാൻ വേണ്ടി തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

ഇതുപോലെതന്നെ നിയമപ്രകാരം ലഭിക്കുന്ന ഫാക്ടറികളുടെ വാർഷിക കണക്കുകൾ ജില്ല തിരിച്ച് തയ്യാറാക്കി സ്ഥിതിവിവരപ്പട്ടികകൾ 1987 (അന്തിമം) 1988 (താൽക്കാലികം) ഇവ സംസ്ഥാന ആസൂത്രണ ബോർഡിന്റെ ആവശ്യത്തിലേക്ക് അയച്ചുകൊടുക്കുന്നു.

ലേബർ സ്റ്റാറ്റിസ്റ്റിക്സ് 1989 എന്ന പ്രസിദ്ധീകരണത്തിന് ആവശ്യമായ പട്ടികകൾ തയ്യാറാക്കി അംഗീകരിക്കാനായി സമർപ്പിച്ചു.

## ഭവന നിർമ്മാണവും വേതനഘടന സർവ്വേയും

ഭവന നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചും കെട്ടിട നിർമ്മാണമേഖലയിലും വ്യാപാര വാണിജ്യമേഖലയിലും ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടേയും മററു ജോലിക്കാരുടേയും വേതനഘടനയെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്ത് ആവശ്യാനുസരണമുള്ള പട്ടികകൾ തയ്യാറാക്കി ഭവന നിർമ്മാണരംഗത്തെ വിവരങ്ങൾ ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്ക് അയച്ചുകൊടുക്കുകയും വേതനഘടനയെ സംബന്ധിച്ചുള്ള വിവരങ്ങൾ സംസ്ഥാന വരുമാന വിഭാഗത്തിന്റെ പഠനത്തിനായി കൊടുക്കുകയും ചെയ്യുകയാണ് ഈ വിഭാഗത്തിന്റെ പ്രധാന ജോലി.

(എ) <u>ഭവന നിർമ്മാണം</u>:—ഇൻഡ്യാ ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള കെട്ടിട നിർമ്മാണ സംഘടനയുടെ നിർദ്ദേശപ്രകാരം ഈ വിഭാഗം സംസ്ഥാനത്തെ കെട്ടിട നിർമ്മാണത്തിലുള്ള പുരോഗതി അവലോകനം ചെയ്യുന്നതിന വേണ്ടിയുള്ള സ്ഥിതി വിവരക്കണക്ക് പട്ടണപ്രദേശങ്ങളിൽ നിന്നും നഗരപ്രദേശങ്ങളിൽ നിന്നും ശേഖരിക്കുന്നു.

(1) മുൻസിപ്പൽ ഭരണവകുപ്പു ഡയറക്ടറുടെ ഓഫീസിൽ ഭവന നിർമ്മാണം സംബന്ധമായ കണക്കുകൾ ശേഖരിക്കുന്നതിനായി ഒരു സെൽ പ്രവർത്തിക്കുന്നുണ്ട്. ഈ വിഭാഗം കേരളത്തിലെ വിവിധ മുനിസിപ്പാലിററികളിൽ പണിയാനനുവാദം കൊടുത്തിട്ടുള്ളതും പണികഴിഞ്ഞിട്ടുള്ളതുമായ കെട്ടിടങ്ങളുടെ കണക്കുകൾ ശേഖരിച്ച് ക്രോഡീകരിച്ച് പ്രത്യേകം പട്ടികകളാക്കി അയച്ചുതരുന്നു. 1-7-1987 മുതൽ 30-6-1988 വരെയുള്ള കാലഘട്ടത്തിൽ പണിയാൻ അനുവാദം നൽകിയ കെട്ടിടങ്ങളുടെ കണക്കുകൾ വിശദമായ പരിശോധനയ്ക്കുശേഷം കെട്ടിട നിർമ്മാണസംഘടനയ്ക്ക് അയച്ചുകൊടുക്കുകയുണ്ടായി.

(2) സംസ്ഥാനത്തെ മൂന്നു കോർപ്പറേഷനുകളിൽ നിന്നും കെട്ടിട നിർമ്മാണപ്രവർത്തനങ്ങളെക്കുറിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ ഈ വിഭാഗം ശേഖരിച്ചു. തിരുവനന്തപുരം കോർപ്പറേഷനിൽനിന്നും 31-3-1989 വരേയും കൊച്ചിൻ കോർപ്പറേഷനിൽ നിന്നും 31-12-1989 വരേയും കോഴിക്കോട് കോർപ്പറേഷനിൽ നിന്നും 30-9-1989 വരെയുള്ള ത്രൈമാസക്കണക്കുകൾ ശേഖരിച്ചു. തിരുവനന്തപുരം കോർപ്പറേഷന്റെ 1-7-1988 മുതൽ 31-3-1989 വരെയും കൊച്ചിൻ കോർപ്പറേഷന്റെ 1-4-1988 മുതൽ 30-6-1989 വരേയും കോഴിക്കോട് കോർപ്പറേഷന്റെ 1-4-1988 മുതൽ 30-9-1989 വരേയുമുള്ള വിവരങ്ങൾ സൂക്ഷ്മപരിശോധനയ്ക്കുശേഷം സ്വകാര്യമേഖലയിലെ കെട്ടിട നിർമ്മാണ വിവരങ്ങൾ കൂടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പട്ടികകൾ തയ്യാറാക്കി ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്ക് അയച്ചുകൊടുക്കുകയും ചെയ്തു.

(3) സംസ്ഥാന പൊതുമരാമത്തു വകുപ്പിലും ഭവന നിർമ്മാണ സംബന്ധമായ കണക്കുകൾ ശേഖരിക്കുന്നതിനായി ഒരു സെൽ പ്രവർത്തിക്കുന്നുണ്ട്. ഈ വിഭാഗം പൊതുമരാമത്തുവകുപ്പ് ഏറ്റെടുത്തു നടത്തുന്നതും 50,000 രൂപയ്ക്ക് മേൽ ചെലവുചെയ്ത് നിർമ്മിക്കുന്നതുമായ കെട്ടിടങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് പട്ടികകളാക്കി ഈ ഡയറക്ടറേറ്റിലേക്ക് അയച്ചുതരുന്നു. 31-3-1987-ൽ അവസാനിക്കുന്ന ഒരു വർഷത്തെ കണക്കു ഇപ്രകാരം സൂക്ഷ്മ *പരിശോധനയ്ക്കുശേഷം ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്ക്* അയച്ചുകൊടുത്തു.

(4) കെട്ടിടനിർമ്മാണ സാധനങ്ങളുടെ വിലനിലവാരവും കെട്ടിട നിർമ്മാണ ജോലിക്കാരുടെ വേതന നിരക്കും സംബന്ധിച്ച വിവരങ്ങൾ എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ശേഖരിച്ച് സൂക്ഷ്മമായ പഠനങ്ങൾക്കുശേഷം ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്ക് അയച്ചുകൊടുക്കുന്നു.

(ബി) വേതന ഘടന സർവ്വേ

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഈ സർവ്വേ നടത്തുന്നുണ്ട്. നഗരങ്ങളിലേയും ഗ്രാമങ്ങളിലേയും മൊത്ത വ്യാപാര-ചില്ലറ വ്യാപാര സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരുടേയും വേതന നിരക്കുകൾ ശേഖരിക്കുകയാണ് ഈ സർവ്വേയുടെ ഉദ്ദേശം.

ഈ കണക്കുകൾ സംസ്ഥാന വരുമാനം കണക്കാക്കുന്നതിലേക്കും ഉപയോഗിക്കുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഓരോ ഇൻവെസ്റ്റിഗേറ്റർമാർ ഓരോ ത്രൈമാസത്തിലും ചില തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽനിന്നു വിവരങ്ങൾ ശേഖരിച്ച് ജില്ലാ ഓഫീസ് മുഖേന അയച്ചുതരുന്നു. ഈ വിവരങ്ങൾ സൂക്ഷ്മ പരിശോധനയ്ക്കുശേഷം ആവശ്യമായ പട്ടികകൾ തയ്യാറാക്കുന്നു.

1988-89 വർഷത്തെ നാലു ത്രൈമാസിക റിപ്പോർട്ടുകൾ ഈ വിഭാഗം തയ്യാറാക്കുകയുണ്ടായി.

1971 വർഷത്തിലെ നിർമ്മാണ ചെലവിന്റെ അടിസ്ഥാനത്തിൽ 1988-ലേക്കുള്ള തിരുവനന്തപുരം കേന്ദ്രമാക്കിയുള്ള കെട്ടിട നിർമ്മാണ ചെലവിന്റെ സൂചിക തയ്യാറാക്കി ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്ക് അയച്ചുകൊടുത്തു.

വ്യവസായ സ്ഥിതിവിവരക്കണക്ക് വിഭാഗം

വ്യവസായ മേഖലയുടെ, ക്രമാനുഗതമായ വളർച്ചയുടെയും വികാസത്തിന്റെയും ദതാത്, മാതൃക, വേഗത എന്നിവ തിട്ടപ്പെടുത്തുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിക്കുകയാണ് ഇതിന്റെ പ്രധാന ജോലി. ഫാക്ടറീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഫാക്ടറികളിൽ നിന്ന് ശേഖരിക്കുന്ന വിവരങ്ങൾ അപഗ്രഥനം നടത്തി റിപ്പോർട്ടു തയ്യാറാക്കുന്നു. സംഘടിത മേഖലയിലെ മുടക്കുമുതൽ, വായ്പകൾ, പണിയെടുക്കുന്ന മൊത്തം തൊഴിലാളികൾ, ജീവനക്കാർ അവരുടെ വേതനം അസംസ്കൃത സാധനങ്ങളുടെ ഉപഭോഗം, മൊത്തം ഉൽപ്പാദനമൂല്യം, അററമൂല്യം എന്നീ വിശദാംശങ്ങളെക്കുറിച്ച് ഈ വിഭാഗം പഠനം നടത്തുന്നു.

മേൽ പഠനത്തിനാവശ്യമായ വിവരങ്ങൾ നാഷണൽ സാമ്പിൾ സർവ്വേയുടെ ഫീൽഡ് ഓപ്പറേഷൻ ഡിവിഷൻ നടത്തുന്ന വാർഷിക വ്യാവസായിക സർവ്വേയുടെ പൂരിപ്പിച്ച ഷെഡ്യൂളുകൾ ഉപയോഗിച്ച് ഈ വിഭാഗം റിപ്പോർട്ടു തയ്യാറാക്കുന്നു.

ഈ റിപ്പോർട്ടു വർഷത്തിൽ 1984-85-ലെ റിപ്പോർട്ട് തയ്യാറാക്കി. കൂടാതെ 1985-86-ലെ റിപ്പോർട്ടു തയ്യാറാക്കുന്നതിന് ആവശ്യമായ പട്ടികകൾ തയ്യാറാക്കുകയും ചെയ്തു. സംസ്ഥാനത്തെ വരുമാന നിർണ്ണയ വിഭാഗത്തിന് ആവശ്യമായ വിവരങ്ങൾ ഈ വിഭാഗത്തിൽനിന്നും നൽകുന്നു.

മെക്കാനിക്കൽ ടാബുലേഷൻ വിഭാഗം

റിപ്പോർട്ടുവർഷത്തിൽ ഒരു ഷിഫ്റ്റ് മാത്രമേ പ്രവർത്തിച്ചിട്ടുള്ളു. 1986 വർഷത്തിലെ കണ്ണൂർ ജില്ല ഒഴികെയുള്ള എല്ലാ പഞ്ചായത്തുകളിലേയും ജനന-മരണ സ്ഥിതി വിവരപ്പട്ടിക തയ്യാറാക്കി.

1987-ലെ തിരുവനന്തപുരം, കോട്ടയം എന്നീ ജില്ലകളിലെ പഞ്ചായത്ത് തലത്തിലുള്ള ജനന-മരണ സ്ഥിതിവിവരപ്പട്ടിക പൂർത്തിയാക്കുകയുണ്ടായി.

പ്ലാനിംഗ് വിഭാഗം

ഈ വകുപ്പ് ഏറ്റെടുത്ത് നടത്തുവാനുദ്ദേശിക്കുന്ന പ്ലാൻ പദ്ധതികൾ തയ്യാറാക്കി ഗവൺമെൻറിന് സമർപ്പിക്കുകയും പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്ത് പ്രതിമാസ-ത്രൈമാസ റിപ്പോർട്ടുകൾ തയ്യാറാക്കി കേന്ദ്ര-സംസ്ഥാന ഗവൺമെൻറിന് അയയ്ക്കുകയുമാണ് ഈ വിഭാഗത്തിൻെറ പ്രധാന ജോലി.

ഈ വകുപ്പിൻെറ 1989-90 വാർഷിക പദ്ധതിപ്രകാരമുള്ള സ്കീമുകൾ താഴെപ്പറയുന്നവയാണ്. ഓരോ സ്കീമിനും 1989-90 ബഡ്ജററിൽ വക കൊള്ളിച്ചിട്ടുള്ള തുക ബ്രാക്കററിൽ കൊടുത്തിരിക്കുന്നു.

1. സ്ഥിതിവിവരക്കണക്ക് ശേഖരണം മെച്ചപ്പെടുത്തുവാൻ (ഇരുപത് ലക്ഷം)
   - എ. മെക്കാനിക്കൽ ടാബുലേഷൻ
   - ബി. സർവ്വെ ഡിസൈൻ വിഭാഗം
   - സി. സംസ്ഥാന വരുമാന നിർണ്ണയ വിഭാഗത്തിൻെറ വിപുലീകരണം
   - ഡി. ജില്ലാ സ്ഥിതിവിവരക്കണക്ക് ഓഫീസുകളുടെ പുനർ ഏകീകരണം
   - ഇ. വകുപ്പിലെ ജീവനക്കാർക്ക് തൊഴിൽ പരിശീലനം നൽകുക.
   - എഫ്. വിലവിവരഘടകം ശക്തിപ്പെടുത്തുക.
2. സർവ്വേകളും പഠനങ്ങളും (ഒമ്പത് ലക്ഷത്തി എൺപത്തി അയ്യായിരം)
   - എ. സംസ്ഥാനത്തെ പ്രധാന കാർഷിക വിളകളുടെ കൃഷിച്ചെലവുകളെപ്പററി സർവ്വേ.
   - ബി. സംസ്ഥാനത്തുള്ള പാരലൽ കോളേജുകളെയും ട്യൂട്ടോറിയൽ കോളേജുകളെയും സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്ന സർവ്വേ.

3. സംസ്ഥാനത്തെ കാർഷിക സ്ഥിതിവിവരക്കണക്കുകൾ വർഷം തോറും റിപ്പോർട്ട് ചെയ്യുന്നതിനുള്ള പദ്ധതി (50% കേന്ദ്ര സഹായമുള്ളത്) (നൂററിയെൺപത് ലക്ഷം)

4. കാർഷിക സെൻസസ് 100% കേന്ദ്രസഹായം (ആറുലക്ഷത്തി നാൽപ്പത്തിയേഴായിരം).

5. നിലവിലുള്ള കൃഷി സമ്പ്രദായങ്ങളിൽ പുതിയ സാങ്കേതികവിദ്യ പ്രയോഗിക്കുന്നതിനുള്ള തടസ്സങ്ങളെപ്പററിയുള്ള പഠനം 50% കേന്ദ്രസഹായമുള്ളത് (മുപ്പതിനായിരം).

6. ചെറുകിട ജലസേചന സ്ഥിതിവിവരക്കണക്കുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി 100% കേന്ദ്രസഹായമുള്ളത്. (രണ്ടുലക്ഷത്തി അൻപത്തിആറായിരം) പൊതുമരാമത്തുവകുപ്പിലെ ചെറുകിട ജലസേചന വകുപ്പിന്റെ കീഴിലാണ് ഇതിന്റെ പ്രവർത്തനത്തിനായി അനുവദിച്ചിട്ടുള്ള യൂണിററ് പ്രവർത്തിക്കുന്നത്.

7. കുരുമുളക് സർവ്വേ 100% കേന്ദ്രസഹായമുള്ളത് (രണ്ടു ലക്ഷം രൂപ)

8. ഡയറക്ടറേററിൽ ഒരു സംഗണകവിഭാഗം സ്ഥാപിക്കുന്നതിനുവേണ്ടി ഗവൺമെൻറിൽനിന്നും നാലു ലക്ഷം രൂപ അനുവദിക്കുകയുണ്ടായി.

കമ്പ്യൂട്ടർ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർക്ക് സാങ്കേതിക പരിശീലനം ലഭിക്കുന്നതിനുവേണ്ടി വിവിധ പരിശീലന കേന്ദ്രങ്ങളിലേക്ക് തെരഞ്ഞെടുത്തയയ്ക്കുന്ന ജോലിയും ഈ വിഭാഗത്തിന്റേതാണ്. റിപ്പോർട്ടുവർഷം 52 ഉദ്യോഗസ്ഥൻമാർ ഇൻസ്ററിററ്യൂട്ട് ഓഫ് മാനേജ്മെൻറ് ഇൻ ഗവൺമെൻറിൽ പരിശീലനം പൂർത്തിയാക്കി. ന്യൂഡൽഹിയിലെ ഇൻസ്ററിററ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷനിലും സെൻട്രൽ സ്ററാററിസ്ററിക്കൽ ഓർഗനൈസേഷനിലും ഓരോ ജോയിൻറ് ഡയറക്ടർമാരെ ട്രെയിനിംഗിന് അയയ്ക്കുകയുണ്ടായി.

വിവിധ സർവ്വേകളുടെ നടത്തിപ്പിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുവേണ്ടി ജില്ലാതല ഓഫീസർമാരുടെ ഒരു കോൺഫറൻസ് ഈ കാലയളവിൽ നടത്തുകയുണ്ടായി.

മൈനർ ഇറിഗേഷൻ (സ്ററാററിസ്ററിക്കൽ വിഭാഗം)

കേന്ദ്ര സർക്കാരിന്റെ ജല വിഭവ മന്ത്രാലയത്തിലെ 9-62/87 എം. ഐ. ടി. യുടെ 23-7-1987-ലെ ഡി. ഒ. നമ്പർ പ്രകാരമുള്ള കത്തിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതി 1988 ഒക്ടോബർ മുതൽ നടപ്പിലാക്കി.

സംസ്ഥാനത്തിലെ ചെറുകിട ജലസേചന പദ്ധതികളെ സംബന്ധിച്ച് വിവരങ്ങൾ അതായത് ഈ പദ്ധതികൾ മുഖേനയുള്ള മൊത്തം ജലസേചിത വിസ്തീർണ്ണം, പദ്ധതികളുടെ ചിലവ് തുടങ്ങിയവ പൊതുമരാമത്ത്, ജലസേചനം, ഡി. ആർ. ഡി. എ. മുതലായ വകുപ്പുകളിൽനിന്നും ശേഖരിച്ച് ക്രോഡീകരിച്ച് ഗവൺമെൻറിന് സമർപ്പിക്കുകയാണ് ഈ വിഭാഗത്തിന്റെ പ്രവർത്തന പരിപാടി. കൂടാതെ സാമ്പത്തിക സഹായ സ്ഥാപനങ്ങളായ സഹകരണ ബാങ്കുകൾ, ദേശസാൽകൃത ബാങ്കുകൾ, കാർഷിക വികസന ബാങ്കുകൾ എന്നിവയിൽ കൂടി നടപ്പിലാക്കുന്ന പദ്ധതികളുടെയും അവയുടെ ആനുകൂല്യങ്ങളെയും പററി പഠിച്ച് കേന്ദ്രസർക്കാരിന്റെ ചെറുകിട ജലസേചന വിഭാഗത്തിനും സംസ്ഥാന സർക്കാരിനും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

പാദവാർഷിക റിപ്പോർട്ടും വാർഷിക റിപ്പോർട്ടും യഥാകാലങ്ങളിൽ സമർപ്പിക്കുന്നു. 1988-89-ലെ വാർഷിക റിപ്പോർട്ടും 1989-90-ലെ 31-12-1990-ൽ അവസാനിക്കുന്ന പാദവാർഷിക റിപ്പോർട്ടും കേന്ദ്ര സർക്കാരുകൾക്ക് യഥാസമയങ്ങളിൽ സമർപ്പിച്ചിട്ടുണ്ട്. 1989-90-ലെ വാർഷിക റിപ്പോർട്ട് തയ്യാറാക്കി വരുന്നു. 1989-90-ൽ തിരുവനന്തപുരം ജില്ലയിൽ പള്ളിച്ചൽ പഞ്ചായത്ത് തെരഞ്ഞെടുത്ത് അവിടെ ചെറുകിട ജലസേചന പദ്ധതിയുടെ പ്രതിഫലനത്തെപ്പററി (കൃഷിയിടങ്ങളെ സംബന്ധിച്ച്) ഒരു സർവ്വേ നടത്തുകയും അതിന്റെ റിപ്പോർട്ട് തയ്യാറാക്കുകയുമുണ്ടായി.

ഇതിന്റെ മൊത്തം പ്രവർത്തനത്തിനായി ജോയിന്റ് ഡയറക്ടർ 1, സീനിയർ റിസർച്ച് അസിസ്ററന്റ് 2, റിസർച്ച് അസിസ്ററന്റ് 4, യു. ഡി. കമ്പയിലർ 1, പ്യൂൺ 1 എന്നിവരടങ്ങുന്ന ഒരു സ്ററാററിസ്ററിക്കൽ വിഭാഗം പ്രവർത്തിക്കുന്നുണ്ട്.

1989-90 വർഷത്തിൽ ഈ സെല്ലിന്റെ പ്രവർത്തനത്തിന് 2,99,393 രൂപ വിവിധ ഇനങ്ങളിലായി ചെലവഴിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാർ സംസ്ഥാനത്തെ വിവിധതരം ചെറുകിട ജലസേചന പദ്ധതികളെ സംബന്ധിച്ചുള്ള പഠന റിപ്പോർട്ടുകൾ തയ്യാറാക്കുന്ന ജോലി ഈ സ്ററാററിസ്ററിക്കൽ വിഭാഗത്തിന്റെ പ്രവർത്തനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## പ്രസിദ്ധീകരണ വിഭാഗം

ഈ വകുപ്പ് നടത്തുന്ന വിവിധ തരം സർവ്വേകളുടെയും പഠനങ്ങളുടേയും റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക, ഗവൺമെന്റും മററ് ഏജൻസികളും ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുക മുതലായവ ഈ വിഭാഗത്തിന്റെ പ്രധാന ചുമതലയാണ്. ഈ വിഭാഗത്തോടനുബന്ധിച്ച് ഒരു ലൈബ്രറി പ്രവർത്തിക്കുന്നു. സ്ഥിതിവിവരങ്ങളെ സംബന്ധിച്ച് സമഗ്രമായ ഒരു ശേഖരം ഇവിടുണ്ട്. വിദേശികളടക്കം ധാരാളം ഗവേഷണ വിദ്യാർത്ഥികൾക്കാവശ്യമുള്ള വിവരങ്ങൾ ഈ ലൈബ്രറി മുഖേന നൽകുന്നു. സർവ്വേകൾക്കാവശ്യമായ ഫാറങ്ങൾ വിതരണം നടത്തുകയും പൂരിപ്പിച്ച ഫാറങ്ങൾ ശേഖരിച്ച് അതാത് വിഭാഗങ്ങളിലെത്തിക്കുകയും ചെയ്യുന്ന ജോലി ഈ വിഭാഗത്തിന്റേതാണ്. ഈ വകുപ്പിനോടനുബന്ധിച്ച് ഒരു റോട്ടാ പ്രസ് പ്രവർത്തിക്കുന്നുണ്ട്. അതിന്റെ മേൽനോട്ടവും ഈ വിഭാഗത്തിന്റേതാണ്. 1989-90 കാലയളവിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടുകൾ താഴെപ്പറയുന്നവയാണ്.

1. കോസ്ററ് ഓഫ് കൾട്ടിവേഷൻ ഓഫ് ഇൻപോർട്ടന്റ് ക്രോപ്സ് ഇൻ കേരള 1986-87.
2. വിമൻ ഇൻ കേരള 1989.
3. ക്ഷീരവികസനവകുപ്പിൽ കാലിവളർത്തലിൽ പരിശീലനം ലഭിച്ച യുവാക്കളെ സംബന്ധിച്ചുള്ള പഠനാവലോകനം.
4. മാൻപൗവർ സീരീസ്-65—സ്ററഡീസ് ഓൺ എംപ്ലോയ്മെന്റ് പൊട്ടൻഷ്യൽ ഓഫ് വെറററിനറി ഗ്രാഡുവേററ്സ് ബൈ 2000 എ. ഡി.
5. മാൻ പൗവർ സീരീസ്-66 – ഡിമാന്റ് ആന്റ് സപ്ലൈ ഓഫ് ട്രെയിൻഡ് ടെക്നിക്കൽ ആന്റ് സയൻറിഫിക് പേഴ്സണൽ ഫോർ ദി ഡവലപ്മെന്റ് ആന്റ് ഇൻലാന്റ് ഫിഷിംഗ് സെക്ടർ.
6. റിപ്പോർട്ട് ഓൺ ദി സാമ്പിൾ സർവ്വേ ഓൺ അഗ്രികൾച്ചറൽ സ്ററാററിസ്ററിക്സ് 1986-87.

7. അഗ്രികൾച്ചറൽ സ്ററാററിസ്ററിക്സ് 1985-86.
8. ആനുവൽ റസിഡൻഷ്യൽ വൈററൽ റേററ്സ് 1986.
9. വൈററൽ സ്ററാററിസ്ററിക്സ് ബുള്ളററിൻ നമ്പർ 48.
10. വൈററൽ സ്ററാററിസ്ററിക്സ് ബുള്ളററിൻ നമ്പർ 49.
11. കേരളം ഇക്കോണമി—1960-61 ടു 1987-88.
12. റിപ്പോർട്ട് ഓൺ ക്രോപ്കട്ടിംഗ് ക്രോപ്സ് വിൻറർ ആൻറ് സമ്മർ 1987-88.
13. മെഡിക്കൽ സർട്ടിഫിക്കേഷൻ ഓഫ് കാസ് ഓഫ് ഡത്ത് 1987.
14. എക്കോണമിക്സ് ആൻറ് വർക്ക്സ് ക്ലാസിഫിക്കേഷൻ ഓഫ് കേരളാ ഗവൺമെൻറ് ബഡ്ജററ് 1985-86, 1986-87.
15. ഗേററ ചൈൽഡ് ഇൻ കേരള.
16. ആനുവൽ സർവ്വേ ഓഫ് ഇൻഡസ്ട്രീസ് 1983.

## സാമ്പത്തികാവലോകനം

റിപ്പോർട്ടു വർഷത്തിൽ ഏപ്രിൽ മുതൽ മാർച്ചുവരെ വിവിധ പദ്ധതികൾക്കായി

### പദ്ധതിയിതര ചിലവുകൾ

| | (രൂപ ലക്ഷത്തിൽ) |
|---|---|
| എക്കോണമിക്സ് ആൻറ് സ്ററാററിസ്ററിക്സ് ബ്യൂറോ | 205.00 |
| ദേശീയ സാമ്പിൾ സർവ്വേ | 12.39 |
| സംസ്ഥാന സ്ഥിതിവിവരക്കണക്ക് വിഭാഗം | 3.05 |
| വിലയിരുത്തൽ ഘടകം | 3.64 |
| നഗരസഭകളിലെ ജനന-മരണ സ്ഥിതിവിവരക്കണക്കു വിഭാഗം ശക്തിപ്പെടുത്താൻ | 11.54 |
| സ്ഥിതിവിവരക്കണക്കു വിഭാഗം ശക്തിപ്പെടുത്താൻ | 19.79 |
| ആകെ | 255 41 |

### പദ്ധതി ചെലവുകൾ

| | |
|---|---|
| അതാതു കാലത്തെ കാർഷിക സ്ഥിതിവിവരക്കണക്കുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സർവ്വേ (50 ശതമാനം കേന്ദ്ര സഹായം) | 107.90 |
| ചെറുകിട ജലസേചനങ്ങളെക്കുറിച്ച് സ്ഥിതിവിവര കണക്ക് ശേഖരിക്കുന്നതിന് (100 % കേന്ദ്രസഹായം) | 3.07 |
| കാർഷിക സെൻസസ് (100 % കേന്ദ്രസഹായം) | 4.51 |
| സംഗണക വിഭാഗം സ്ഥാപിക്കാൻ | 3.99 |
| കുരുമുളക് സർവ്വേ (100% കേന്ദ്രാവിഷ്കൃതം) | 0.38 |
| സർവ്വേയും പഠനങ്ങളും | 9.71 |
| ആകെ | 209.56 |

പദ്ധതിച്ചെലവുകൾക്കും പദ്ധതിയിതര ചെലവുകൾക്കും ആകെ 464.97 ലക്ഷം രൂപ.

DES
LIBRA
013
775